# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com

e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. MAY 2024. ₹5.00

VOL. 06 - ISSUE NO. 13 - DATE OF PUBLICATION 25TH MAY, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## വ്യവസായങ്ങളെ ഉൾക്കൊള്ളാനും വളർത്താനും കാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ



FIRST POLICY
ACCESSIBLE I ADAPTABLE I ACCOUNTABLE

ISO

Great Place To Work. Certified DEC 2023 - DEC 2024 INDIA

# FIRST POLICY INSURANCE BROKERS PVT. LTD.

First Policy has the distinction of being one among the first batch of 11 broking companies in India. We are totally independent of any insurance company. This means that when you contact us, you can be assured of impartial and up to date advice in your best interests.



## OUR SERVICES

- INSURANCE
- REINSURANCE
- CLAIMS

## WHY US ?

- SIMPLIFIED INSURANCE
- CLIENT FOCUSED
- 2+ DECADES OF TRUST

## WE CARE ABOUT YOUR BUSINESS

- Professionally managed in all spheres, we are governed by a board and have a healthy mix of professionals from diverse fields.
- This diaspora of expertise allows to create customised solutions unique to your business.

## OUR LOCATIONS

- INDIA : Pune, Mumbai, Vadodara, Kochi, Gift City
- NEPAL: Kathmandu
- Present Globally Through unisonsteadfast

Gina.h@firstpolicy.com

www.firstpolicy.com

First Policy Insurance Brokers Private Limited: Registered & Head Office 07, Soormani, DP Road, Aundh, Pune,, Maharashtra, India, 411007. Present Registration Validity 30/01/2024 to 29/01/2027, Registration Category - Composite Insurance Broker, Registration No - 106, Corporate Identification No - U74140PN2002PTC017425, Advertisement No- 01/05/2024



THE KERALA STATE SMALL INDUSTRIES ASSOCIATION
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com



STATE OFFICE BEARERS

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
P.J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

**State Vice Presidents**
A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

Abraham Kuriakose
Kottayam. ✆ 94470 43445
✉ perfectcorp@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Joint Secretaries**
V.K. Harilal
Alappuzha. ✆ 98472 30058

George Mundakkal
Wayanad. ✆ 94472 95110

B. Jayakrishnan
Thodupuzha. ✆ 94473 30569

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
P. J. Jose.............. ✆ 98460 53553
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 94470 46411



**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538


## ഉള്ളടക്കം


- ഈസ് ഓഫ് ഡൂയിങ് ബിസിനസ് ............................ 03
- വ്യവസായ രംഗത്ത് വീണ്ടും മാതൃകയായി കേരളം .... 05
- കെ.എസ്.എസ്.ഐ.എ. യുടെ 64–ാമത് സ്റ്റേറ്റ് കോൺഫറൻസ് വിജയിപ്പിക്കണം.................. 06
- ലേബർ വെൽഫെയർ ഫണ്ടിൽ അടക്കാനുള്ള വിഹിതത്തിൽ നിന്നും തൊഴിലുടമകളെ ഒഴിവാക്കണം ...07
- പാർലമെന്റ് ഇലക്ഷനും ജി.എസ്.ടി.യും പിന്നെ ബിസിനസുകാരും............................................ 08
- കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ട് മരണാനന്തര സഹായം ............................... 10
- ഒരു കുടുംബത്തിനു ആവശ്യം വേണ്ട പോളിസികൾ ............................. 11
- ത്രിമാനനിർമ്മിതികളുടെ അദ്ഭുതലോകം ............... 12
- വ്യവസായങ്ങൾ കണ്ടു വളരാൻ കാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ.............................. 16
- ആശയമാണ് മൂലധനം ........................................ 18
- ആലുവയിലെ ഇൻഡസ്ട്രീയൽ ഏരിയയിലുള്ള ഇൻഡസ്ട്രീയൽ ഇലാസ്റ്റൊമേഴ്സ് ചന്ദ്രയാൻ കുതിപ്പിൽ പങ്കാളിയായി ..................................... 21
- ജില്ലാ വാർത്തകൾ.............................................. 22



KSSiA NEWS
www.kssia.com
വ്യവസായ മാസിക
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION MAY 2024 ₹ 5.00


# എഡിറ്റോറിയൽ

## ഈസ് ഓഫ് ഡൂയിങ് ബിസിനസ്



കേൾക്കുമ്പോൾ തന്നെ ലാഘവം തോന്നുന്ന, സുന്ദരമായ പദം. സുഗമമായി, എളുപ്പത്തിൽ ബിസിനസ് കാര്യങ്ങൾ നടത്താൻ കഴിയുന്ന ഒരു സന്ദേശം ഇതിലുണ്ട്. ആ സന്ദേശ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വ്യവസായത്തിന് ഏറെ സഹായമായി തീർന്നിട്ടുണ്ട് എന്നത് അഭിമാനാർഹം തന്നെ. ഈ നയം നടപ്പാക്കുന്നതിൽ എം.എസ്.എം.ഇ. സെക്ടറിന് സർക്കാർ നല്ല പ്രാധാന്യം നൽകിയിട്ടുണ്ട്. എങ്കിലും ചില കാര്യങ്ങൾ അത്ര ഈസിയായി വ്യവസായികൾക്ക് തോന്നുന്നില്ല എന്ന സത്യം പറയാതെ വയ്യ.

1. 2005 വരെ LT കൺസ്യൂമേഴ്സിന് വൈദ്യുതി കണക്റ്റഡ് ലോഡ് 150 KVA വരെ ഉപയോഗിക്കാമായിരുന്നു. പിന്നീട് ഈ ഉപയോഗം 100 ആയി കുറച്ചു. 100ന് മുകളിൽ ഉപയോഗിച്ചിരുന്നവർക്ക് ആ ഉപയോഗം തുടരാം. പക്ഷേ ലോ വോൾട്ടേജ് സർചാർജ് കൂടി നൽകേണ്ടതുണ്ട്. കൂടുതൽ ഉപയോഗിക്കണമെങ്കിൽ HT കണക്ഷൻ വേണ്ടിവരും. അതിനാകട്ടെ വൻ തുക ചിലവ് വരുന്നു. എന്നാൽ 160 KVA വരെ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമറുകളിൽ നിന്നും, ഉപഭോക്താവിന് 150 KVA വരെ നൽകാവുന്നതാണ്. അതുകൊണ്ട് ബോർഡിന് നഷ്ടമില്ലെന്ന് മാത്രമല്ല വ്യവസായികൾ വൻ സാമ്പത്തിക ബാധ്യതയിൽ നിന്ന് ഒഴിവാകുകയും ചെയ്യും.
2. പുതിയ നിയമങ്ങൾ നിലവിൽ വരുമ്പോൾ, നിലവിലുണ്ടായിരുന്ന യൂണിറ്റുകൾക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിലനിർത്തി സ്റ്റാറ്റസ്കോ മെയിന്റെനൻസ് ചെയ്യുക എന്നത് സാമാന്യ ധർമ്മം ആണല്ലോ? ഉദാഹരണമായി, 2016ലെ എൻ.ബി.സി. ഫയർ ആൻഡ് സേഫ്റ്റി നിയമപ്രകാരം പഴയ വ്യവസായ സ്ഥാപനങ്ങൾക്ക് ഫാക്ടറി ബിൽഡിംഗ് മാറ്റി സ്ഥാപിക്കാൻ ആവില്ലല്ലോ? ആയതിനാൽ നിലവിലുള്ള നാഷണൽ ബിൽഡിംഗ് കോഡ് അതേപടി നടപ്പിലാക്കാൻ കഴിയില്ല. അതുകൊണ്ടാണ്, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങൾ 'സംസ്ഥാന ബിൽഡിംഗ് കോഡ്' നടപ്പിലാക്കിയത്. അതേ വഴി തുടർന്ന് കേരളവും അങ്ങനെ ഒരു നിയമമുണ്ടാകുന്നത് വ്യവസായികൾക്ക് ഏറെ സഹായമായിരിക്കും.
3. പാരിസ്ഥിതിക കാരണത്താൽ മരാധിഷ്ഠിത വ്യവസായങ്ങൾ പുതിയതായി ആരംഭിക്കുന്നത് 2002ൽ സുപ്രീംകോടതി നിരോധിച്ചിട്ടുണ്ട്. എന്നാൽ കാലാവധി കഴിഞ്ഞ പ്ലാന്റേഷൻ മരങ്ങൾ മുറിച്ച് മാറ്റേണ്ടത് അനിവാര്യമാണല്ലോ. ആയതിനാൽ പ്ലാന്റേഷൻ തടികൾ ഉപയോഗിച്ച് പുതിയ വ്യവസായങ്ങൾ തുടങ്ങാൻ അനുവാദവും ഉണ്ട്. മോഡണൈസേഷന്റെ ഭാഗമായി 2002 നു മുൻപുള്ള യൂണിറ്റുകൾക്ക് പോലും പുതിയതായി ഉപകരണങ്ങൾ വയ്ക്കണമെങ്കിലോ പവർ വർധിപ്പിക്കണമെങ്കിലോ ലൈസൻസ് ഫീസ് കൂടാതെ, വൻതുക കൂടി ഒറ്റ തവണ ഫീസായി നൽകേണ്ടതുണ്ട്.

ഇത്തരം ചെയ്തികൾ ഈസ് ഓഫ് ഡൂയിങ് ബിസിനസ് നയത്തിന്റെ പെരുമ നഷ്ടപ്പെടാൻ ഇടയാകുന്നു എന്ന സത്യം പറയാതെ വയ്യ. ഇക്കാര്യങ്ങൾ കൂടി ഗൗരവപൂർവ്വം പരിഗണിച്ച് സർക്കാർ സഹായകമായ നിലപാടെടുക്കണം എന്ന് അഭ്യർത്ഥനയോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**








# വ്യവസായ രംഗത്ത് വീണ്ടും മാതൃകയായി കേരളം

**പ്രസിഡൻഷ്യൽ റിപ്പോർട്ട്**

ദേശീയ തലത്തിൽ എം.എസ്.എം.ഇ. മേഖലയിലെ ബെസ്റ്റ് പ്രാക്റ്റീസ് അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതിയിലൂടെ കേരളത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ 2,44,702 സംരംഭങ്ങൾ ആരംഭിച്ച് സംരംഭങ്ങളുടെ കാര്യത്തിൽ എല്ലാ റെക്കോഡുകളും ഭേദിച്ചു കൊണ്ട് സംരംഭകവർഷം പദ്ധതി അവസാനിച്ചിരിക്കുന്നു. പദ്ധതിയുടെ രണ്ടാം എഡിഷനിലും ഒരു ലക്ഷത്തിലധികം സംരംഭങ്ങളെന്ന ലക്ഷ്യം കൈവരിച്ചു. 2,44,702 സംരംഭങ്ങൾക്കൊപ്പം ഈ മെഗാ പദ്ധതിയിലൂടെ കേരളത്തിലേക്ക് 15,559.84 കോടി രൂപയുടെ നിക്ഷേപവും, സൃഷ്ടിക്കപ്പെട്ടു. ഒപ്പം 5,20,945 പേർക്ക് തൊഴിൽ ലഭിച്ചു. 77,856 സ്ത്രീകളെ സംരംഭകരാക്കി മാറ്റാൻ സാധിച്ചു എന്നത് സംരംഭക വർഷത്തിന്റെ ഉജ്വലമായ നേട്ടങ്ങളിലൊന്നാണ്.

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചു കൊണ്ട് ആരംഭിച്ച പദ്ധതി മികച്ച വിജയം നേടിയതോടെയാണ് 2023-24 സാമ്പത്തിക വർഷത്തിലും പദ്ധതി തുടർന്നത്. സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്ത് 1,39,840 സംരംഭങ്ങളും 8,422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളുമാണ് സൃഷ്ടിക്കപ്പെട്ടത്. സംരംഭക വർഷം 2.0 പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നൂതനമായ കൂടുതൽ പദ്ധതികളും സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി. കേരളത്തിലെ എം.എസ്.എം.ഇ.കളിൽ നിന്നും തെരഞ്ഞെടുത്ത 1000 സംരംഭങ്ങളെ ശരാശരി 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളായി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ട് വരാനുള്ള എം.എസ്.എം.ഇ. സ്കെയിൽ അപ് മിഷൻ സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച എം.എസ്.എം.ഇ. സുസ്ഥിരതാ മിഷൻ, സംരംഭങ്ങൾക്ക് സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി അവയുടെ വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം (പരമാവധി 2500 രൂപ വരെ) റീം ഇംബേഴ്സ്മെന്റ് ആയി നൽകുന്ന എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ മെയ്ക്ക് ഇൻ കേരള പദ്ധതി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായിട്ട് വിഭാവനം ചെയ്തിരിക്കുന്ന ഇൻഡസ്ട്രീസ് അവാർഡ്സ് തുടങ്ങിയവ ഇക്കൂട്ടത്തിൽ ചിലതാണ്. 5 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകി പതിനഞ്ചായിരത്തിലധികം കോടിയുടെ നിക്ഷേപം ഉറപ്പ് വരുത്തി ദൈവത്തിന്റെ സ്വന്തം നാടിനെ നിക്ഷേപകരുടെ സ്വന്തം നാടാക്കി മാറ്റിയിരിക്കുകയാണ് സംരംഭക വർഷം പദ്ധതി.



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ വിവിധ തരത്തിലുള്ള അലോട്ട്മെന്റ് രീതികളാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനം അനുസരിച്ചിട്ടാണ് കാര്യങ്ങൾ ഇപ്പോൾ നടക്കുന്നത്. ഇതിനൊരു ഏകീകൃത സ്വഭാവമില്ല. ആയതിനാൽ പഞ്ചായത്തുകളുടെ കീഴിൽ വരുന്ന നോട്ടിഫൈഡ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളെ കൂടി പുതിയ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ ഉൾപ്പെടുത്തി കൊണ്ട് ഉത്തരവിറക്കിയാൽ ഉചിതമായിരിക്കും.

കേരളത്തിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 40 വ്യവസായ ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളുണ്ട്. ഈ ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളിലെല്ലാം ലാന്റ് പോളിസി ഉത്തരവ് നിലവിൽ വന്നു. കെ.എസ്.ഐ.ഡി.സി., കിൻഫ്രാ, ഇൻകൽ, സിഡ്കോ ഇങ്ങനെയുള്ള ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളിൽ ലാന്റ് പോളിസി ഉത്തരവ് ബാധകമാക്കിയിട്ടില്ല. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിലും, പഞ്ചായത്ത് - മുനിസിപ്പാലിറ്റിയുടെ കീഴിലും ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളുമുണ്ട്. ഇവയൊന്നും നിലവിൽ ഒരു പൊതുവായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അല്ല പ്രവർത്തിക്കുന്നത്. ആയതിനാൽ ഏത് ഏജൻസിയുടെ കീഴിലുള്ള ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ആയാലും സംരംഭകരെ സംബന്ധിച്ച് ഒരു പൊതുമാനദണ്ഡം ഉണ്ടാവേണ്ടത് അനിവാര്യമാണ്. നിക്ഷേപകരെ ആകർഷിക്കാനും പുതിയ സംരംഭങ്ങൾ വരാനും എല്ലാ നോട്ടിഫൈഡ് ഇൻഡസ്ട്രീയൽ ഏരീയാകളിലും ഒരു പൊതുമാനദണ്ഡം നിലവിൽ വരേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ വ്യവസായ വകുപ്പും സർക്കാരും ഈ കാര്യത്തിൽ എത്രയും പെട്ടെന്ന് ഒരു തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അതാത് ജില്ല വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടു കൂടി സംഘടനയുടെ ശക്തി പരമാവധി ഉയർത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി കെ.എസ്.എസ്.ഐ.എ. ജില്ലാ നേതൃത്വങ്ങൾ ജില്ല വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടു കൂടി അംഗങ്ങളെ ചേർക്കാനുള്ള നടപടിയുമായി മുന്നോട്ടു പോയി നമ്മുടെ ലക്ഷ്യത്തിലെത്തണം. കെ.എസ്.എസ്.ഐ.എ. യിൽ പരമാവധി അംഗങ്ങളെ ചേർത്ത് സംഘടനയുടെ അംഗബലം വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്ന് എല്ലാ ജില്ലാ ഭാരവാഹികളോടും അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. ■

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**

## കെ.എസ്.എസ്.ഐ.എ. യുടെ 64-ാമത് സ്റ്റേറ്റ് കോൺഫറൻസ് വിജയിപ്പിക്കണം

2024 സെപ്റ്റംബർ 30 ാം തിയതി എറണാകുളത്ത് കലൂരിലുള്ള ഹോട്ടൽ ഗോകുലം പാർക്കിൽ വച്ച് കെ.എസ്.എസ്.ഐ.എ. സംസ്ഥാന സംഘടനയുടെ 64-ാമത് ആനുവൽ ജനറൽ ബോഡി യോഗം സംഘടിപ്പക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവാണ് പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്യുന്നത്. ലോക പ്രശസ്ത സഞ്ചാരി സന്തോഷ് ജോർജ്ജ് കുളങ്ങര മുഖ്യ അതിഥിയായി പങ്കെടുക്കും. കൂടാതെ മറ്റു പ്രമുഖരും കെ.എസ്.എസ്.ഐ.എ. യുടെ 14 ജില്ലാ വ്യവസായ പ്രതിനിധികളും ഈ കോൺഫറൻസിൽ പങ്കെടുക്കുന്നതാണ്. ഈ കോൺഫറൻസിൽ പങ്കെടുക്കാനെത്തുന്ന എല്ലാ കെ.എസ്.എസ്.ഐ.എ. ജനറൽ കൗൺസിൽ അംഗങ്ങൾക്കും സംസ്ഥാന സംഘടനയുടെ ഒരു ഉപഹാരം നല്കുന്നതാണ്. ആയതിനാൽ മേൽ പറഞ്ഞ കോൺഫറൻസ് ഭംഗിയായി നടത്താൻ എല്ലാ ജില്ലാ ഭാരവാഹികളുടെയും സഹകരണം ഉണ്ടാകണം. എല്ലാ ജനറൽ കൗൺസിൽ അംഗങ്ങളെയും പ്രസ്തുത പരിപാടിയിൽ പങ്കെടുപ്പിക്കണമെന്ന് ഒരിക്കൽ കൂടി ജില്ലാ ഭാരവാഹികളോട് അഭ്യർത്ഥിക്കുന്നു.

എ. നിസാറുദ്ദിൻ
സംസ്ഥാന പ്രസിഡന്റ്


പി. രാജീവ്


സന്തോഷ് ജോർജ്ജ് കുളങ്ങര







# ലേബർ വെൽഫെയർ ഫണ്ടിൽ അടക്കാനുള്ള വിഹിതത്തിൽ നിന്നും തൊഴിലുടമകളെ ഒഴിവാക്കണം

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

രാജ്യത്തെ തൊഴിൽ മേഖലകളിലെ ജീവനക്കാർക്ക് ഏറ്റവും കൂടുതൽ സുരക്ഷിതവും, വേതനവും, ക്ഷേമ ആനുകൂല്യങ്ങളും നല്കുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തൊഴിൽ നിയമങ്ങളും വ്യവസ്ഥകളും പാലിച്ച് കൊണ്ടാണ് സംസ്ഥാനത്തിലെ സംരംഭകർ അവരുടെ സ്ഥാപനങ്ങൾ നടത്തി കൊണ്ടു പോകുന്നത്. മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടത്തെ കൂലി നിരക്കും വളരെ കൂടുതലാണ്. നമ്മുടെ സംസ്ഥാനത്തിലെ സംരംഭകർ ജീവനക്കാർക്ക് നല്കുന്ന ക്ഷേമ സൗകര്യങ്ങൾ മറ്റുള്ള സംസ്ഥാനങ്ങൾക്ക് മാതൃകയാവേണ്ടതാണ്.


സർക്കാർ നിയമങ്ങൾ അനുസരിച്ച് തൊഴിലാളി ക്ഷേമത്തിനായി 4 ഇനങ്ങളിലായി സംരംഭകർ വിവിധ വകുപ്പുകളിലേക്ക് വിഹിതം അടക്കേണ്ടി വരുന്നു. എംപ്ലോയിസ് സ്റ്റേറ്റ് ഇൻഷുറൻസ് (ഇ.എസ്.ഐ.) സ്കീം പ്രകാരം തൊഴിലാളിക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സക്കുവേണ്ടി മാസം തോറും വിഹിതം അടയ്ക്കണം. എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ടിലേക്ക് (ഇ.പി.എഫ്.) വേതനത്തിന്റെ 10-12 ശതമാനവും മാസം തോറും അടയ്ക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വർഷം തോറും പ്രൊഫഷണൽ ടാക്സ് ഇനത്തിൽ മറ്റൊരു വിഹിതവും അടക്കണം. ഇതിനു പുറമെ സംസ്ഥാന ലേബർ വെൽഫെയർ ബോർഡിലേക്ക് തൊഴിലാളി ക്ഷേമത്തിനായുള്ള വിഹിതവും അടക്കണം. ഒരു സംരംഭകന് തൊഴിലാളി ക്ഷേമത്തിനായി വിഹിതം അടക്കേണ്ട 4 വകുപ്പുകളാണ് മേൽ പറഞ്ഞത്.

സംരംഭകത്തിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ നിന്നാണ് ഈ 4 വിഹിതങ്ങളും അടക്കേണ്ടത്. സ്ഥാപനം നഷ്ടത്തിലായാലും നാലു വിഹിതങ്ങളും അടക്കാതിരിക്കാൻ കഴിയില്ല. വിഹിതം അടക്കാൻ താമസിച്ചാൽ പിഴയും ഈടാക്കും. സംരംഭകന്റെ മേൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ഈ നാലു വിഹിതങ്ങളും അടക്കണമെന്ന നിയമ വ്യവസ്ഥ തന്നെ നീതിയ്ക്ക് നിരക്കുന്നതല്ല.

ഇ.എസ്.ഐ. ബാധകമായിട്ടുള്ളവർക്ക് ലേബർ വെൽഫെയർ ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കില്ല. ഒരേ ആനുകൂല്യം രണ്ടു സ്ഥലത്തു നിന്നും ലഭിക്കില്ല. ഇങ്ങനെയിരിക്കെയാണ് ഇ.എസ്.ഐ. യിലും ലേബർ വെൽഫെയർ ഫണ്ടിലേക്കും സംരംഭകൻ നിർബന്ധമായും വിഹിതം അടക്കേണ്ടി വരിക. മേൽ പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് ലേബർ വെൽഫെയർ ഫണ്ടിലേക്ക് അടക്കേണ്ട വിഹിതത്തിൽ നിന്നും തൊഴിൽ ഉടമകളെ ഒഴിവാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണം. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലുള്ള ഈ പദ്ധതിയിൽ തീരുമാനമെടുക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് മാത്രമാണ്.

വ്യവസായികളുടെ ദീർഘ നാളത്തെ ഈ ഒരാവശ്യം നടപ്പാക്കി തൊഴിലുടമകളോടു നീതി പുലർത്തണമെന്ന് എം.എസ്.എം.ഇ.കളെ പ്രതിനിധികരിക്കുന്ന കെ.എസ്.എസ്.ഐ.എ. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**



# പാർലമെന്റ് ഇലക്ഷനും ജി.എസ്.ടി.യും പിന്നെ ബിസിനസുകാരും



അഡ്വ. കെ.എസ്. ഹരിഹരൻ

ബിസിനസും പാർലമെന്റ് ഇലക്ഷനും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി സാധാരണ ബിസിനസുകാർ മനസ്സിലാക്കിയിട്ടുണ്ടാകണമെന്നില്ല. സജീവ രാഷ്ട്രീയത്തിൽ ഇല്ലാത്ത ബിസിനസുകാരെ സംബന്ധിച്ചിടത്തോളം ഒട്ടും പ്രാധാന്യം ഇല്ലാത്ത ഒരു വിഷയമാണ് പാർലമെന്റ് ഇലക്ഷൻ എന്ന് തോന്നിയിരുന്ന കാലം കഴിഞ്ഞു. ഭരിക്കുന്ന നേതൃത്വത്തിന്റെ ഇച്ഛാശക്തി, കാഴ്ചപ്പാട്, സാമ്പത്തിക പരിരക്ഷയും, പോളിസിയും ഒക്കെ ബിസിനസുകാരെ നേരിട്ട് ബാധിക്കുന്ന കാര്യങ്ങൾ ആണെന്ന് മിക്കവാറും എല്ലാ ബിസിനസുകാരും മനസ്സിലാക്കികാണുമെങ്കിലും, ചെറിയ രീതിയിൽ ബിസിനസ് ചെയ്യുന്നവർ, ചെറുകിട വ്യവസായികളിൽ നല്ലൊരു പങ്കും, സാമ്പത്തിക വ്യവസ്ഥയും പോളിസിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇലക്ഷനുള്ള പ്രാധാന്യം നിലവിൽ ഗ്രഹിച്ചേ പറ്റൂ.

സൂപ്പർമാർക്കറ്റുകൾ, റീട്ടെയിൽ ഔട്ട്ലെറ്റുകൾ, വൻകിട ബ്രാന്റിന്റെ ഔട്ട്ലെറ്റ് ഷോറൂം, സൈക്കോളജി ബ്രാന്റഡ് പ്രൊഡക്ട്സിന്റെ നെറ്റ്‌വർക്ക്, റെസിഡൻസ് അപ്പാർട്ട്മെന്റുകളോട് ചേർന്നുള്ള ശോഭാസിറ്റി പോലുള്ള വൻകിട ബിസിനസ് ഔട്ട്ലെറ്റുകൾ, ഇതൊക്കെ ഓരോ രാഷ്ട്രീയ ചിന്തകളുമായി ബന്ധപ്പെട്ട് കിടക്കുന്നു. അതുകൊണ്ട് ഇന്ത്യയിലെ ഓരോ ബിസിനസുകാരും ആർക്കായിരിക്കും അടുത്ത ഭരണം എന്ന് തീരുമാനിക്കുമ്പോൾ ഇത്തരത്തിൽ ഒരു സാമൂഹികമായ ബിസിനസിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന ഘടകങ്ങൾ ഉണ്ടെന്ന് കൂടി ചിന്തിക്കണം. ഒരുപക്ഷേ പത്തോ, ഇരുപതോ കൊല്ലം മുമ്പുള്ള ഇലക്ഷൻ കാലഘട്ടത്തിൽ ഇത്തരം ചിന്തകൾ തന്നെ വേണ്ടായിരുന്നു. ഇപ്പോൾ അതല്ല സ്ഥിതി.

ജി.എസ്.ടി. എന്ന നിയമം ഇന്ത്യയിൽ, പ്രത്യേകിച്ച് സംസ്ഥാനങ്ങളും കേന്ദ്രവും യോജിച്ചു തീരുമാനം എടുക്കേണ്ട അവസരങ്ങളിൽ, ആ നിയമം നടപ്പിലാക്കുമ്പോൾ ജി.എസ്.ടി. യുടെ ആദ്യ കാലങ്ങളിൽ വ്യാപാരികൾ അല്ലെങ്കിൽ വ്യവസായികൾ ഇത്രയേറെ സാമ്പത്തികമായ ബുദ്ധിമുട്ടുകളും യാതനകളും തങ്ങൾക്കു വരുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ല. അറിയാതെ



വരുന്ന തെറ്റുകൾക്ക് പോലും വലിയ നികുതി ബാധ്യതയും, പെനാൽറ്റി ബാധ്യതയും വരുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചു കാണില്ല. 2017 ജൂൺ മാസത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാക്കി ജി.എസ്.ടി. നിയമം നടപ്പിലാക്കിയപ്പോൾ അതിനു മുമ്പുള്ള രണ്ടോ മൂന്നോ വർഷങ്ങളിൽ ഇന്ത്യൻ പാർലമെന്റിൽ ജി.എസ്.ടി. സംബന്ധ മായ ചർച്ചകൾ വ്യാപാരികളും വ്യവസായികളും അത്രയേറെ ശ്രദ്ധിച്ചു കാണില്ല. വർഷങ്ങളോളം നീണ്ട നിയമനിർമ്മാണ സഭകളിലെ ചൂടേറിയ വാദങ്ങൾക്കൊടുവിൽ 70 വർഷത്തോളം നിലനിന്നിരുന്ന പരോക്ഷ നികുതി നിയമങ്ങളെ പാടെ മാറ്റി പുതിയ നിയമങ്ങൾ കൊണ്ടുവന്നപ്പോൾ തന്റെ പ്രദേശത്തെ പാർലമെന്റ് മെമ്പർമാർക്കും ഈ നിയമ മാറ്റങ്ങൾ ഓരോ ബിസിനസുകാരെയും എങ്ങനെ ബാധിക്കും എന്നും മനസ്സിലാക്കി, തന്റെ നിലനിൽപ്പിന്റെ കാര്യങ്ങൾ ബോധവൽക്കരിക്കുന്ന ജോലി ബിസിനസുകാർ ചെയ്തിട്ടുണ്ട് എന്ന ആത്മ പരിശോധന ഈ അവസരത്തിൽ എങ്കിലും എല്ലാവരും ചിന്തിക്കേണ്ടതുണ്ട്. ബിസിനസിനെ ബാധിക്കുന്ന ഒരുപാട് വിഷയങ്ങൾ ഇവിടെയുണ്ട്. ഉദാഹരണത്തിന് ജി.എസ്.ടി. നിയമത്തിന്റെ സെക്ഷൻ 129 പ്രകാരം, സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ ഏതെങ്കിലും രേഖകളുടെ കുറവുണ്ടെങ്കിൽ ആ രേഖകളുടെ കുറവിന് നികുതിയുടെ ഇരട്ടി പെനാൽറ്റി അടയ്ക്കണം എന്നും എന്തെങ്കിലും കാരണവശാൽ ഇൻവോയ്സുകൾ എടുക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ആ സാധനത്തിന്റെ വിലക്ക് തുല്യമായ തുക നികുതിയും പിഴയുമായി അടക്കണമെന്ന് സെക്ഷൻ 130 പറഞ്ഞിരിക്കുന്നു.

അതേപോലെ ഒരു ബിസിനസുകാരന്റെ കൈയിൽ നിന്നും കളക്ട് ചെയ്യുന്ന ടാക്സ് അയാൾ സമയബന്ധിതമായി സർക്കാരിലേക്ക് അടച്ചില്ലെങ്കിൽ അത്തരം അടക്കാത്ത തുകയ്ക്ക് ഒരിക്കൽ നികുതി കൊടുത്ത ചെറുകിട വ്യാപാരികൾ വീണ്ടും നികുതി അടക്കേണ്ടിവരുന്ന ഒരു വ്യവസ്ഥ ജി.എസ്.ടി.യുടെ പതിനാറാം വകുപ്പിൽ നിലനിൽക്കുന്നു എന്ന കാര്യവും, തന്റേതല്ലാത്ത കുറ്റം കൊണ്ട് ഏതെങ്കിലും കാരണവശാൽ നികുതിക്ക് വീഴ്ച ഒരു പ്രത്യേക തുകയ്ക്കു മുകളിൽ വന്നു എങ്കിൽ ജയിലിൽ പോകേണ്ട സ്ഥിതി 69-ാം വകുപ്പും, 132-ാം വകുപ്പും പ്രതിബാധിക്കുന്നു.

ബിസിനസുമായി നേരെയോ അല്ലാതെയോ ബന്ധമില്ലാത്ത ആളുകളെ പോലും എഴുപതാം വകുപ്പിന്റെ പരിധിയിൽ ചോദ്യം ചെയ്യാനും, ഹാജരാക്കാനും സിവിൽ നിയമത്തിന്റെയും, ക്രിമിനൽ നിയമത്തിന്റെയും പരിരക്ഷ ജി.എസ്.ടി. ഉദ്യോഗസ്ഥർക്ക് കിട്ടുന്നു എന്നും, ഏതു തെറ്റ് ചെയ്ത ഉദ്യോഗസ്ഥൻ ആയാലും അവർക്ക് ഒരുവിധ നിയമ നടപടികളും നേരിടേണ്ടാത്ത വിധത്തിലുള്ള നിയമ സംവിധാനം ജി.എസ്.ടി.യിൽ ഇപ്പോഴും നിലനിൽക്കുന്നു. ഒരു അസസിക്ക് അല്ലെങ്കിൽ ഒരു പൊതു ജനത്തിന് ഇതിനെ ചോദ്യം ചെയ്യാൻ പറ്റാത്ത വ്യവസ്ഥ ജി.എസ്.ടി.യിൽ ഇപ്പോഴും നിലനിന്നു പോകുന്നു. കാലാകാലങ്ങളിൽ ഏതെങ്കിലും അപ്പീലോ മറ്റു നടപടികളോ സമയ ബന്ധിതമായി ഫയൽ ചെയ്യാൻ വിട്ടുപോകുന്ന വ്യാപാരികൾക്ക് വലിയ തുക ബാധ്യത വരുന്ന ഓർഡറുകളെ പിന്നീട് ഒരിക്കലും ചലഞ്ച് ചെയ്യാൻ പറ്റില്ല എന്നുള്ള വ്യവസ്ഥകൾ നിലവിലുണ്ട് എന്ന കാര്യം വ്യവസായികൾ പലരും മനസ്സിലാക്കിയിട്ടും അതിനു പരിഹാരത്തിനായി എം.പി., എം.എൽ.എ. തുടങ്ങിയവരെ കൃത്യമായി ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നുണ്ടോയെന്ന ആത്മപരിശോധനക്ക് സമയമായി. സംഘടനകളുടെ നേതൃത്വത്തിൽ ബിസിനസുകാർ എല്ലാവരും തന്റെ ഇക്കാര്യത്തിലുള്ള പങ്കു നിറവേറ്റിയോ എന്ന് പരിശോധിക്കേണ്ടതാണ്.

തന്റെ പ്രദേശത്തെ നിയമസഭാ അംഗത്തെയോ, രാജ്യസഭാ അംഗത്തെയോ, ലോക സഭാംഗത്തെയോ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തി സമയബന്ധിതമായി പാർലമെന്റിൽ നിയമത്തിലുള്ള കുറവുകൾ പരിഹരിക്കാൻ വേണ്ട ഭേദഗതികൾ അവതരിപ്പിക്കാൻ ചെറുകിട വ്യാപാരികളും വ്യവസായികളും എത്രമാത്രം ശ്രമിച്ചു? അങ്ങനെ ശ്രമിച്ചിരുന്നെങ്കിൽ ഇപ്പോഴുള്ള മേൽ സൂചിപ്പിച്ച പല പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കു മായിരുന്നില്ലെയെന്ന ഒരു ചിന്ത ഇന്ത്യയിൽ ജി.എസ്.ടി. നടപ്പിലാക്കിയ ഈ ഏഴാം വർഷത്തിലും വ്യാപാരികൾക്കും വ്യവസായികൾക്കും സമൂഹത്തിലെ ഓരോ വ്യക്തികൾക്കും ഉണ്ടോ?

ഇന്ത്യൻ പാർലമെന്റിലൂടെയോ നിയമ സഭകളിലൂടെയോ മാത്രമേ പല നിയമങ്ങളും രാജ്യത്ത് നടപ്പിലാക്കാൻ പറ്റുകയുള്ളൂ. ഇത്തരം കാര്യങ്ങൾ പറഞ്ഞുകൊടുത്ത് അത് തിരുത്താൻ വേണ്ടിയുള്ള ശ്രമം വ്യാപാരികൾ വളരെ ഗൗരവത്തോടെ തന്റെ ബിസിനസ് പ്ലാനിങ്ങിന്റെ ഒരു ഭാഗമായി മനസ്സിലാക്കണം എന്നും, സംഘടനകൾ താഴെക്കിടയിൽ ഉള്ളവരെ ഇത്തരം കാര്യങ്ങൾ നിർബന്ധപൂർവ്വം ബോധ്യപ്പെടുത്തി അവരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചു പാർലമെന്റ് അംഗങ്ങളെയും, നിയമ സഭാ അംഗങ്ങളെയും, മറ്റു ബന്ധപ്പെട്ട അധികാരികളെയും ബോധ്യപ്പെടുത്തിയേ പറ്റൂ. പല സംഘടന നേതൃത്വങ്ങളും ഇതിനുവേണ്ടി ശ്രമിക്കുന്നില്ല എന്ന് ലേഖകന് അഭിപ്രായമില്ല. പക്ഷേ വളരെ ഗുരുതരമായ പ്രശ്നങ്ങൾ ഒരു നിയമ നിർമ്മാണത്തിൽ നടക്കുമ്പോൾ അവിടെ നമുക്ക് പരിചയമുള്ളവരോട് കാര്യങ്ങൾ അവതരിപ്പിച്ചു നമ്മുടെ കാര്യങ്ങൾക്ക് പിന്തുണയ്ക്കുന്ന, മനസ്സിലാക്കാൻ കഴിവുള്ള, പാർലമെന്റ് അംഗങ്ങൾ ഉണ്ടായേ തീരൂ.

ജി.എസ്.ടി.യുടെ പല കാര്യങ്ങളും ഇന്ത്യയിലെ പല പാർലമെന്റ് അംഗങ്ങളും




പാർലമെന്റിൽ അവതരിപ്പിക്കുകയും, നിയമസഭകളിലും രാജ്യസഭകളിലും ചർച്ച ചെയ്യുകയും ചെയ്ത കാര്യങ്ങൾ ഇവിടെ വിസ്മരിക്കുന്നില്ല. അതിൽ പലരും വളരെയേറെ നിർണായകമായ പല ഭേദഗതികളും പല വിപത്തുകളും പാർലമെന്റിൽ ചൂണ്ടിക്കാണിച്ചു. മറ്റു പലരും അത്തരം ചെറിയ നിർദ്ദേശങ്ങൾ നൽകി എങ്കിലും, സവിസ്തരം അവതരിപ്പിക്കാൻ തക്കതായ രീതിയിൽ എം.പി.മാരെയും എം.എൽ.എ.മാരെയും ബോധവൽക്കരിച്ചില്ല എന്നത് തന്നെയാണ് ഇന്ന് ബിസിനസ് സമൂഹം ജി.എസ്.ടി.യിൽ നിന്ന് അനുഭവിക്കുന്ന യാതനകൾ എന്ന് പറയാതെ വയ്യ.

## കഴിഞ്ഞു പോയതെല്ലാം കഴിഞ്ഞു പോയി, ഇനി എന്ത് ചെയ്യണം?

ഏതെങ്കിലും ഭേദഗതികൾ ബിസിനസുകാരെ ബാധിക്കുമോയെന്ന് അറിയുവാൻ ബിസിനസുകാർ അതിനെക്കുറിച്ച് പഠിക്കണം. നിയമ നിർമ്മാണ വേദിയിൽ തന്നെ അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉദ്യോഗസ്ഥ തലത്തിലും പാർലമെന്റ് തലത്തിലും ഉദ്യോഗസ്ഥരെ കൃത്യമായി ധരിപ്പിക്കാൻ വേണ്ടിയിട്ടുള്ള പരിശ്രമം വ്യാപാരികളുടെ ഭാഗത്തു നിന്നും ഉണ്ടാകണം. ഇപ്പോൾ നില വിലുള്ള പല പ്രശ്നങ്ങളും പാർലമെന്റിലൂടെയും നിയമസഭകളിലൂടെയും കൊണ്ടുവന്ന് മാറ്റങ്ങൾക്ക് വിധേയമാക്കാൻ കഴിയും. പ്രത്യേകിച്ച് ജി.എസ.്ടി.യിലെ പല തീരുമാനങ്ങളും ജി.എസ്.ടി. കൗൺസിലിലൂടെ ഇനിയും മാറ്റം വരുത്താൻ കഴിയുന്ന ഒരു കാലഘട്ടത്തിൽ പാർലമെന്റിലേക്കും നിയമസഭ കളിലേക്കും മറ്റു പബ്ലിക് ഫോറത്തിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ വ്യാപാരികളും വ്യവസായികളും മറ്റു വ്യക്തിത്വങ്ങളും ഒരു നിയമത്തിൽ എന്തൊക്കെ ഭവിഷ്യത്തുകൾ ഉണ്ടാവുമെന്ന് മനസ്സിലാക്കി ആ മാറ്റങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനും അതിൽ എന്ത് നടപടി അവർ സ്വീകരിച്ചു എന്ന് അറിയുവാനും ശ്രമിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു.

**ബിസിനസുകാരും Heat wave ന്റെ യാതനകളിൽ ആകുന്നു. ഒരു ശാശ്വത പരിഹാരം ആലോചിക്കേണ്ട ഗൗരവകരമായ സമയമായിരിക്കുന്നു.**

ഈ അടുത്തകാലത്തായി ഇന്ത്യയിൽ അത്യുഷ്ണം Heat wave ന്റെ നിലയിൽ കൂടി വന്നു അസഹനീയമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. എയർകണ്ടീഷണറിനു (AC) പോലും നമ്മുടെ പഴയകാല അന്തരീക്ഷ അവസ്ഥ തിരിച്ചു കൊണ്ടുവരുവാൻ ആവുന്നില്ല. മാതൃകാപരമായി ഏതാണ്ട് നാലുകൊല്ലം കൊണ്ട് ഒരു പ്രദേശത്ത് വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചു തെലുങ്കാന യിലെ കൻഹ ശാന്തിവനം അവിടുത്തെ താപനില 40 ഡിഗ്രി സെൽഷ്യസിൽ നിന്നും 28 ലേക്ക് താഴ്ത്തിയ സംഭവങ്ങൾ kanhashantivanam വെബ്സൈറ്റിൽ ലഭ്യമാണ്. ഈ ലേഖകൻ അവിടെ സന്ദർശിച്ചിരുന്നു. വെറും തരിശുഭൂമിയായ ഒരു സ്ഥലത്തെ ആറു വർഷങ്ങൾ കൊണ്ട് പ്രകൃതിരമണീയമായ സ്ഥലം ആക്കാൻ നിറച്ചും വൃക്ഷങ്ങൾ

വച്ചുപിടിപ്പിച്ച് ലാൻഡ് റെജുവിനേഷൻ നടത്തി രാജ്യത്തിന് മാത്രമല്ല അന്താരാഷ്ട്ര പ്രശംസ പിടിച്ചു വാങ്ങിയ ഒരു മാതൃകയാവാൻ കഴിഞ്ഞു. ഇന്ത്യൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രധാനമന്ത്രി, ക്യാബിനറ്റ് മിനിസ്റ്റേഴ്സ് അടക്കം പല പാർലമെന്റ് മെമ്പേഴ്സ് അവിടെ സന്ദർശിച്ചു ഇക്കാര്യം സാക്ഷ്യപെടുത്തിയതുമാണ്. അന്തരീക്ഷ മലിനീകരണത്തിനെതിരെയും, നമ്മുടെ നാട്ടിൽ വൻ കെട്ടിട സമുച്ചയങ്ങൾ കെട്ടിപ്പടുത്തുമ്പോൾ നഷ്ടപെട്ടുപോകുന്ന പ്രകൃതിയുടെ നല്ല അവസ്ഥകളെ തിരിച്ചു കൊണ്ടുവരുവാനും നമ്മൾ ഓരോരുത്തരും പ്രതിബദ്ധരാണ്.

പ്രത്യേകിച്ച് കെട്ടിട നിർമ്മാണവും, റോഡ് നിർമ്മാണവും, മറ്റു വികസനത്തിനും നമ്മുടെ സസ്യജാലങ്ങളെ, പ്രകൃതിയെ, കുന്നുകളെ, പുഴയെ, നീർത്തടങ്ങളെ എല്ലാം നശിപ്പിക്കുന്ന ഒരു പ്രവണത എന്തിന്റെ പേരിലാണെങ്കിലും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. അത് ചോദ്യം ചെയ്യുന്ന പാർലമെന്റ് അംഗങ്ങളും, നിയമസഭാംഗങ്ങളും, മറ്റു ജനപ്രതിനിധികളും ഉണ്ടാകാൻ നമ്മൾ ഓരോ പൗരനും ശ്രദ്ധിക്കണം. അങ്ങനെ നമ്മുടെ നാട് പഴയ കാല പ്രതാപത്തിലേക്ക് തിരിച്ചുവരുകയും ചെയ്യും. സാമ്പത്തികമായും, സാമൂഹികമായും,



പ്രകൃതി രമണീയമായും മനുഷ്യന് ജീവിക്കാനുള്ള ഏറ്റവും നല്ലൊരു അവസ്ഥ അടുത്ത തലമുറക്കും അതിന്റെ അടുത്ത തലമുറകൾക്കും ഉണ്ടാക്കാനുള്ള ബാധ്യത നമുക്കുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പുകളും നിയമസഭാ തെരഞ്ഞെടുപ്പുകളും തദ്ദേശസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകളുമെല്ലാം, വ്യാപാരി വ്യവസായികൾ ജി.എസ്.ടി. യിൽ അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പോലെ തന്നെ ഈ പ്രശ്നങ്ങളും ഇത്തരത്തിലുള്ള സാമൂഹിക അന്തരീക്ഷവും കൂടി ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓർമ്മപ്പെടുത്താൻ ലേഖകൻ ഈ അവസരം ഉപയോഗിക്കുന്നു. പുതിയ പാർലമെന്റ് ജൂൺ ആറിനു പ്രഖ്യാപിക്കുമ്പോൾ എല്ലാവരുടെയും പ്രതീക്ഷകൾക്ക് ഉയരുന്ന, എല്ലാവരെയും സമാനമായി കാണുന്ന ഒരു അവസ്ഥ ഇന്ത്യയിൽ ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ആശംസകൾ നേരുന്നു. ■

**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM
**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
✆ 9846227555
7902443188
7907000401

KSSiA THE KERALA STATE SMALL INDUSTRIES ASSOCIATION [KSSF]

# കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ട്

## മരണാനന്തര സഹായം



എറണാകുളം ജില്ലയിൽ നിന്നും കെ.എസ്.എസ്.എഫിൽ അംഗത്വം എടുത്തിരുന്ന CHEMTECH CHEMICALS ഉടമ സി.ഐ. ജോണിന്റെ മരണാനന്തര സഹായമായ 10 ലക്ഷം രൂപയുടെ ചെക്ക് അദ്ദേഹത്തിന്റെ കുടുംബാംഗത്തിന് കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡണ്ട് എ.നിസാറുദ്ദീൻ, കെ.എസ്.എസ്.എഫ്. ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ എന്നിവർ ചേർന്ന് നല്കുന്നു.



എറണാകുളം ജില്ലയിൽ നിന്നും കെ.എസ്.എസ്.എഫിൽ അംഗത്വം എടുത്തിരുന്ന നിയോ പ്ലാസ്റ്റിക് ഉടമ വി.ഡി. വിനോദിന്റെ മരണാനന്തര സഹായമായ 10 ലക്ഷം രൂപയുടെ ചെക്ക് അദ്ദേഹത്തിന്റെ മകന്, മുൻകാല ചെയർമാൻ പ്രൊ. ജോസഫ് ടി. സിറിയക്, മുൻ കാല ട്രഷറർ ആയിരുന്ന പി.ഡി. ജോർജ് എന്നിവർ ചേർന്ന് നല്കുന്നു.





# ഒരു കുടുംബത്തിനു ആവശ്യം വേണ്ട പോളിസികൾ



**വിശ്വനാഥൻ ഒടാട്ട്**

### മെഡിക്ലെയിം ഇൻഷുറൻസ്




നമുക്കൊ നമ്മുടെ കുടുബാംഗങ്ങൾക്കോ അസുഖമൊ, അപകടമോ, മാരകരോഗങ്ങളോ ഉണ്ടായാൽ സാധാരണയായി നമുക്ക് വലിയ പണച്ചിലവ് വരാവുന്നതാണ്. ഇന്നത്തെ ജീവിതരീതിയിൽ വ്യായാമക്കുറവ്, 'ഭക്ഷണശീലം, മാനസിക പിരിമുറുക്കം, മലിനീകരണം എന്നിവ നമ്മെ നേരത്തെ രോഗികളാക്കിമാറ്റുന്നു. സ്പെഷ്യാലിറ്റി ആശുപത്രികൾ, ചികിൽസാ നിർണ്ണയമാർഗ്ഗങ്ങൾ, വിദഗ്ദ ഡോക്ടർമാരുടെ സേവനം, മരുന്നുകളുടെ ക്രമാതീതമായ വില വർദ്ധന, ആശുപത്രിചിലവുകൾ കൂടാൻ ഇടവരുന്നു. അതുകൊണ്ട്വരുമാനവും ആരോഗ്യവുമുള്ളപ്പോൾ ഇൻഷുർ ചെയ്താൽ ഇവ രണ്ടും കുറഞ്ഞ ഒരു അവസ്ഥയിൽ നമുക്ക് സഹായകരമായിരിക്കും. ഇന്ത്യയിൽ വിവിധ കമ്പനികൾ ഓരോ വ്യക്തിക്കും കൂടുംബത്തിനും അനുയോജ്യമായ വിവധതരം പോളിസികൾ വിപണനം ചെയ്യുന്നുണ്ട്. ഇതിനു പുറമേ മാരക രോഗങ്ങൾ കവർചെയ്യുന്ന പോളിസി. സീനിയർ സിറ്റിസൺ പോളിസി, ആശുപത്രി പ്രതിദിന ബത്ത ലഭ്യമാവുന്ന പോളിസി തുടങ്ങി വിവിധ തരം പോളിസികൾ ഇന്ന് നിലവിലുണ്ട്. ഓരോരുത്തരുടെയും ആവശ്യങ്ങളും വരുമാനവും കോർത്തിണക്കി ഇഷ്ടാനുസരണം പോളിസികൾ തിരഞ്ഞെടുക്കാം.

### ലൈഫ് ഇൻഷുറൻസ്




ലൈഫ് ഇൻഷുറൻസിൽ സമ്പാദ്യത്തെക്കാൾ സംരക്ഷണ കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്. വരുമാനമുള്ള ഗൃഹനാഥൻ/ഗൃഹനായിക ജീവിച്ചിരിക്കുമ്പോൾ സ്വാഭാവികമായും കുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം മുതലായ കാര്യങ്ങൾ സുഗമമായി മുൻപോട്ടു പോകുക പതിവാണ്. എന്നാൽ വരുമാനമുള്ള ആളിന്റെ ദേഹവിയോഗം അല്ലെങ്കിൽ സ്ഥിരവും പൂർണ്ണവുമായ വൈകല്യം എന്നിവ ഒരു കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കും എന്നതിൽ സംശയമില്ല. അതിനാൽ പ്രതിമാസ വരുമാനത്തിന്റെ 100 മുതൽ 150 ഇരട്ടിവരെ (പ്രായത്തിനനുസരിച്ച്) തുകക്ക് ഇൻഷുർ ചെയ്തിരിക്കണം. വിപണിയിൽ ഇന്ന് വിവിധ തരത്തിലുള്ള ടേം പോളിസികൾ ലഭ്യമാണ്. ഏറ്റവും പുതുതായി ഇറങ്ങിയ ചില കമ്പനികളുടെ പോളിസിയിൽ പ്രതിമാസം ഒരു നിശ്ചിതതുക നഷ്ടപരിഹാരം ലഭിക്കുന്നതോടോപ്പം പ്രതിമാസം മുൻകൂട്ടി നിശ്ചയിച്ച ഒരുതുക പോളിസി കാലാവധി തീരുംവരെ ലഭ്യമാവന്നുണ്ട്. മാത്രമല്ല, പണപ്പെരുപ്പത്തിനനുസൃതമായി എല്ലാവർഷവും ഒരു നിശ്ചിതശതമാനം തുക കൂടുതൽ ലഭ്യമാവുന്നുണ്ട്. നമ്മുടെ വരുമാനത്തിന് അനുസരിച്ച് ഇണങ്ങുന്നതായ വിവിധ പോളിസികൾ ഇന്ന് നിലവിലുണ്ട്. പോളിസികൾ താരതമ്യം ചെയ്തശേഷം നമുക്ക് അനുയോജ്യമായവ തിരഞ്ഞെടുക്കാം.

### ഹോം പാക്കേജ്




നമ്മുടെ സ്വപ്ന ഭവനം, സാധന സാമഗ്രികൾ, എന്നിവ ശരിയായി സംരക്ഷിക്കേണ്ടതുണ്ട്. തീപിടുത്തം, ഗ്യാസ്സ് സിലിണ്ടർ, മണ്ണെണ്ണ സ്റ്റൗ, ഇലക്ട്രിക് ഹീറ്റർ, വൈദ്യുതി ഷോർട്ട് സർക്യൂട്ട്, ഇടിമിന്നൽ, കാട്ടുതീ, തൊട്ടടുത്ത വീട്ടിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ പടർന്നേക്കാവുന്ന തീ എന്നിവ വീടിനു സംഭവിച്ചേക്കാവുന്ന റിസ്കുകളിൽ പ്രധാനപ്പെട്ടവയാണ്. പ്രകൃതി ക്ഷോഭങ്ങളിൽ ശക്തിയായ കാറ്റുവീശുമ്പോൾ തൊട്ടടുത്ത വൃക്ഷങ്ങൾ വീടിനു മുകളിലോ, മതിലിലോ കട പുഴകി വീഴാം. അതുപോലെ ഓട്, ഷീറ്റ് എന്നിവ കാറ്റിൽ പറന്നു പോകാനും ഇടയുണ്ട്. താഴ്ന്ന സ്ഥലങ്ങളാണെങ്കിൽ വെള്ളം കയറി വീടിനും, സാധന സാമഗ്രികൾക്കും കേടു സംഭവിക്കാനും, മതിലിടിഞ്ഞു വീഴാനും സാദ്ധ്യതയുണ്ട്. സുനാമി പോലുള്ള സംഭവങ്ങൾ വിരളമാണെങ്കിലും, തീരദേശത്തുള്ളവർക്ക് അതൊരു ഭീഷണിത്തന്നെയാണ്. മലമ്പ്രദേശത്തുള്ളവർക്കാണെങ്കിൽ ഉരുൾപൊട്ടൽ, 'ഭൂമികുലുക്കം എന്നീ പ്രകൃതിക്ഷോഭങ്ങൾ എല്ലാകെട്ടിടങ്ങൾക്കും വലിയ ഭീഷണിയാണ്. ഉയരംകൂടിയ കെട്ടിടങ്ങൾ, റോഡിന് അഭിമുഖമായുള്ള വീട്, മതിൽ, ഗേറ്റ് എന്നിവയ്ക്കും, വാഹനങ്ങൾ മുഖേന കേടുപാടുകൾ സംഭവിക്കാം. കൂട്ടംകൂടിയുള്ള ആക്രമണം, നാശം വരുത്തൽ എന്നിവയും സംഭവിക്കാവുന്ന റിസ്കുകളാണ്. മേൽപ്പറഞ്ഞ റിസ്കുകൾ കവർചെയ്യുന്ന 'ഭാരത് ഗൃഹരക്ഷ പോളിസിയിൽ നാമമാത്രമായ പ്രിമിയം അടച്ച് ഒരുവർഷം മുതൽ 10 വർഷം വരെ കാലാവധിക്ക് ഇൻഷുർ ചെയ്യുവാൻ അവസരമുണ്ട്. ■

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മമാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**

# ത്രിമാനനിർമ്മിതികളുടെ അദ്ഭുതലോകം

**ഈ ലേഖനം ഏപ്രിൽ ലക്കത്തിലെ തുടർച്ചയാണ്.**

**കുളക്കട പ്രദീപ്**

## ത്രിമാന അച്ചടി വ്യവസായ സാദ്ധ്യതകൾ

കേരളം ജനസാന്ദ്രതയിൽ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമാണ്. ഗ്രാമ നഗര വ്യത്യാസം തുലോം കുറവാണ്. ഇതര സംസ്ഥാനങ്ങളിൽ ഇതല്ല സ്ഥിതി. ഒരു ഗ്രാമ പ്രദേശത്തു നിന്നും മറ്റൊരു ഗ്രാമ പ്രദേശത്തേക്ക് സഞ്ചരിക്കുന്നതിനിടയിൽ പരന്നു കിടക്കുന്ന കൃഷിയിറക്കുന്നതോ, കൃഷിക്കനുയോജ്യമല്ലാത്തതോ ആയ ഏക്കറുകണക്കിന് ഭൂമി ലഭ്യമാണ്. അത് വൻവ്യവ സായങ്ങൾക്കായി അത് സർക്കാർ ഏറ്റെടുക്കുന്നതിൽ കാര്യമായ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. എന്നാൽ കേരളത്തിലെ സ്ഥിതി തികച്ചും വിഭിന്നമാണ്. വൻ വ്യവസായശാലകളുടെ നിർമ്മാണാവശ്യത്തിനുള്ള ഭൂമി നമുക്ക് ലഭ്യമല്ലാത്തതുകൊണ്ടുതന്നെ ഡിജിറ്റൽ മാനുഫാക്ചറിങ്ങ് സാങ്കേതികത അടിസ്ഥാനമായുള്ള വ്യവസായങ്ങൾക്ക് ഏറെ സാധ്യത നമുക്കുണ്ട്. കേരളം മുന്നോട്ടുവയ്ക്കുന്ന കൊച്ചി ബാംഗ്ലൂർ ഇടനാഴിയിൽ പ്രതീക്ഷിക്കുന്ന വ്യവസായ മാതൃകയും ഇതുതന്നെ. ഇതോടൊപ്പം ചേർത്ത് വായിക്കേണ്ട ഒന്നുകൂടിയുണ്ട്. ഇന്ത്യ രൂപകൽപ്പന ചെയ്യുന്ന രണ്ടു പ്രതിരോധ ഇടനാഴികളിൽ ഒന്ന് ദക്ഷിണേന്ത്യയിൽ കോയമ്പത്തൂർ, സേലം, ധർമ്മപുരി ഇടനാഴിയാണ്. ഇത് നിലവിലുള്ള വാഹനനിർമ്മാണ ഇടനാഴിയുടെ രണ്ടാം തലത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഈ ഇടനാഴിയും പ്രതിരോധ മേഖലയിലെ ഡിജിറ്റൽ നിർമ്മാണ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്.

ത്രിമാന അച്ചടി, വ്യവസായ മേഖലയുടെ വിവിധ ശാഖകളിൽ വളരെ ഗൗരവപൂർണ്ണമായ ഇടപെടലുകൾ നടത്തുകയാണ്. ചില മേഖലകളിൽ ഇതിനോടകം തന്നെ വളരെ ശ്രദ്ധേയവും ശക്തവുമായ നേട്ടങ്ങൾ കൈ വരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 4 –ാം വ്യാവസായിക വിപ്ലവത്തിന്റെ സ്വാധീനം, ചിലവേറിയ മനുഷ്യവിഭവ ശേഷി, കുറഞ്ഞ ഉൽപാദനക്ഷമത, അധികരിക്കുന്ന ഉൽപാദനമാലിന്യം, ശക്തമാകുന്ന വ്യാവസായിക തൊഴിൽ നിയമങ്ങൾ, കർശന പരിസ്ഥിതി നിയമങ്ങൾ എന്നിവ മൂലം ഭൗതികവും, സാമ്പത്തിക ഭദ്രതാപരവുമായ പുനർനിർമ്മിതി നിലവിലുള്ള വ്യവസായരംഗം ആവശ്യപ്പെടുന്നുണ്ട്.

ഉപഭോക്തൃവൽക്കരണം, വ്യക്തിത്വവൽക്കരണം എന്നിവയ്ക്ക് പുതിയ വ്യവസായ മണ്ഡലത്തിൽ വലിയ സാധ്യതകളാണുള്ളത്. ഈ സാധ്യതകളിലേക്കാണ് ത്രിമാന അച്ചടി വളരെ വേഗം പടർന്നു പന്തലിക്കുന്നത്. ലോകമെമ്പാടുമുള്ള ത്രിമാന അച്ചടിയുടെ വളർച്ച പരിശോധിച്ചാൽ ഈ മാറ്റം പ്രകടമാണ്. 2018ൽ 9.9 ബില്യൺ യുഎസ് ഡോളർ ഉണ്ടായിരുന്ന ത്രിഡി പ്രിന്റിങ്ങ് മാർക്കറ്റ് 2024ൽ 34.8 ബില്യൺ ഡോളറായിരിക്കുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ വളർച്ചാ നിരക്ക് ഏതാണ്ട് 23.2 ശതമാനമാണ്. ത്രിമാന അച്ചടിയുടെ കടന്നു കയറ്റം നിലവിലുള്ള ചില ഉൽപ്പാദന രീതികളെയും ഉൽപ്പാദന സംവിധാനങ്ങളെയും പൂർണ്ണമായും തകർത്തെറിയാൻ കഴിയുന്ന നശീകരണ സാങ്കേതിക വിദ്യയായിട്ടാണ് അവതരിച്ചിരിക്കുന്നത്. ത്രിമാന സാങ്കേതികവിദ്യയുടെ കടന്നുവരവ് പ്രതീക്ഷിക്കുന്ന വ്യവസായ മേഖലകൾ താഴെപ്പറയുന്നു.

- വ്യോമയാന പ്രതിരോധ മേഖലകൾ
- എൻജിനീയറിംങ്/യന്ത്ര ശാസ്ത്രം
- ഉപഭോക്തൃ ഉൽപന്ന മേഖല
- ആരോഗ്യ സുരക്ഷാ മേഖല
- വാഹന നിർമ്മാണ മേഖല
- ആഭരണ നിർമ്മാണ മേഖല
- വിദ്യാഭ്യാസരംഗം
- ഊർജ്ജ മേഖല
- വാസ്തുവിദ്യയും നിർമ്മാണ മേഖലയും
- പ്രിന്റഡ് ഇലക്ട്രോണിക്സ്
- ആഹാര നിർമ്മാണ മേഖല

## മെഡിക്കൽ 3D പ്രിന്റിംഗ്

ആരോഗ്യ അവസ്ഥകൾക്കുള്ള ചികിത്സ മെച്ചപ്പെടുത്താനുള്ള കഴിവ് കാരണം ആരോഗ്യ പരിപാലന മേഖലയിൽ ഈ സാങ്കേതികത വളരെയേറെ ശ്രദ്ധ ആകർഷിക്കുന്നുണ്ട്. ഒരു റേഡിയോളജിസ്റ്റ് സ്കാനിങ്ങിലൂടെ സൃഷ്ടിക്കുന്ന ഡിജിറ്റൽ പകർപ്പ് (ഇമേജ്) ശസ്ത്രക്രിയകൾ ആസൂത്രണം ചെയ്യുന്നതിനും, അതുവഴി സമയം ഏറെ ലാഭിക്കുന്നതിനും, ശസ്ത്രക്രിയകൾ ലളിതവും, ആയാസ രഹിതമാക്കുവാനും ചികിത്സകനെ സഹായിക്കുന്നു. ഒരു ദന്തരോഗവിദഗ്ദ്ധന് തകർന്ന ഒരു പല്ലിന്റെ സ്കാൻ, രോഗിയുടെ വായിൽ കൃത്യമായി യോജിക്കുന്ന പല്ലുകളുണ്ടാക്കാൻ അല്ലെങ്കിൽ ക്രൗൺ ഉണ്ടാക്കാനും സഹായകരമാണ്. രണ്ടു സന്ദർഭങ്ങളിലും, രോഗിയുടെ ശരീരഘടനയുമായി പ്രത്യേകമായി പൊരുത്തപ്പെടുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഡോക്ടർമാർക്ക് ത്രി.ഡി. പ്രിന്റിങ്ങ് ഉപയോഗിക്കാം. മാത്രമല്ല ഓപ്പറേഷൻ തീയറ്ററിൽ രോഗി ചിലവഴിക്കേണ്ടിവരുന്ന സമയം, അതുവഴി കുറവുവരുന്ന ആശുപത്രി ചിലവുകൾ, അനസ്തേഷ്യ മരുന്നുകൾ കുറച്ചുപയോഗിക്കേണ്ടി വരുന്ന അനുകൂല സാഹചര്യം, ശരീരത്തിൽ ഉണ്ടാക്കേണ്ടിവരുന്ന മുറിവുകളിലെ കൃത്യത, മുൻകൂർ ആസൂത്രണം കൊണ്ട് ലഭ്യമാകുന്ന ശസ്ത്രക്രിയയിലെ സൂഷ്മത എന്നിവയെല്ലാം ത്രിമാന അച്ചടി ആരോഗ്യമേഖലയിൽ നൽകുന്ന അനുകൂല ഘടകങ്ങൾ ആണ്.





KSSIA NEWS MAY 2024

## ഇന്ത്യയിലെ ആദ്യത്തെ ത്രി ഡി നിർമ്മിത വീട്

**ഐ.ഐ.ടി. മദ്രാസ് കാമ്പസിലാണ് ഏകദേശം 600 ച. അടിയുള്ള ഈ വീട് നിർമ്മിച്ചത്. ഈ ഒറ്റനില വീടിന് ഒരു കിടപ്പുമുറി, ഹാൾ, അടുക്കള എന്നീ സൗകര്യങ്ങൾ ഉണ്ട്. ചെന്നൈ ഐ.ഐ.ടി .യിലെ മുൻ വിദ്യാർഥികൾ സ്വന്തമായി വികസിപ്പെച്ചെടുത്ത നിർമ്മാണവസ്തു ഉപയോഗിച്ചുള്ള നിർമ്മിതി. ഹബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റിയുടെ ടെർവില്ലിഗർ സെന്റർ ഫോർ ഇന്നൊവേഷൻ ഇൻ ഷെൽട്ടറുമായി സഹകരിച്ചാണ് വീട് നിർമ്മാണരീതി വികസിപ്പിച്ചത്. അഞ്ചു ദിവസം കൊണ്ടാണ് ഈ ത്രിമാന നിർമ്മിതി പൂർത്തിയാക്കിയത്. 2016 ബാച്ചിലെ ആദിത്യ വി എസ്സ്, വിദ്യാശങ്കർ, സി, പരിവർത്തൻ റെഡ്ഢി എന്നിവരാണ് ഈ പദ്ധതിയുടെ പ്രാരംഭകർ.**



ശസ്ത്രക്രിയകൾ ആസൂത്രണം ചെയ്യുന്നതിനോ തികച്ചും വ്യക്തിഗതമായ പല്ലുകളുടെ കൃത്യമായ പുനഃസ്ഥാപനത്തിനു മാത്രമായോ ഈ സാങ്കേതികവിദ്യ പരിമിതപ്പെടുന്നില്ല. കൃത്രിമ കൈകാലുകൾ, തലയോട്ടി ഇംപ്ലാന്റുകൾ, ഇടുപ്പ്, കാൽമുട്ട് എന്നിവയുടെ ഇംപ്ലാന്റുകൾ എന്നിവയുടെ നിർമ്മാണത്തിലും ഉപയോഗ സംബന്ധമായ വിജയത്തിലും മുൻനിരയിൽ എത്തിക്കഴിഞ്ഞു. പക്ഷെ ഇത്തരത്തിലുള്ള കൃത്രിമ ഉപകരണങ്ങൾ ശരീരത്തിൽ സ്ഥാപിക്കുന്നതു സംബന്ധമായ അപകടങ്ങൾ വളരെയേറെ ഉണ്ടാകാം എന്നത് ഈ രംഗത്ത് അനിവാര്യമായ നിയമ സംവിധാനങ്ങളി ലേക്കുള്ള വാതിൽ തുറന്നു. നിലവിൽ ഇത് സംബന്ധ മായ ശക്തമായ നിയമങ്ങൾ പരിഷ്കൃത രാജ്യങ്ങളിൽ നിലവിൽ വന്നു കഴിഞ്ഞു.

## ബയോ പ്രിന്റിംഗ്

മെഡിക്കൽ ത്രിഡി പ്രിന്റിംഗിന്റെ അനുബന്ധ വിഭാഗമാണ് ബയോ പ്രിന്റിംഗ്, ഇത് കോശങ്ങൾ, കലകൾ (Tissues), രക്തക്കുഴലുകൾ, അവയവങ്ങൾ അല്ലെങ്കിൽ ചർമ്മം എന്നീ പ്രകൃതി ജന്യവും, ജൈവശാസ്ത്ര പരവുമായ പ്രവർത്തന ഘടകങ്ങളെ അനുകരിക്കാൻ സഹായി ക്കുന്നു. ഇതിനായി കോശങ്ങളുടെയോ ജൈവസ്ഥൂല വസ്തുക്കളായി ജൈവമഷി (Bio Ink) ഉപയോഗിക്കുന്നു.

ബയോ പ്രിന്റിംഗിന് പ്രധാനമായും മൂന്നുഘട്ടങ്ങളുണ്ട് ബയോ പ്രിന്റിംഗിന് മുമ്പുള്ളവ, ബയോ പ്രിന്റിംഗ്, ബയോ പ്രിന്റിംഗിന് ശേഷമുള്ളവ. ആവശ്യമായ ആസൂത്രണവും ഗവേഷണവുമാണ് ഒന്നാംഘട്ടം; അത് ടിഷ്യു സംഭരണം, അനുയോജ്യമായ ജൈവസ്ഥൂല വസ്തുക്കളെ ക്കുറിച്ചുള്ള ഗവേഷണം, അന്തിമ ഉപയോഗവുമായി ബന്ധപ്പെട്ട അവയുടെ അനുയോജ്യത എന്നിവയായിരിക്കും. ഈ ഘട്ടത്തിൽ ബയോ ഇങ്കുകളുടെ രൂപകൽപ്പനയുടെ അന്തിമ രൂപവും നടക്കുന്നു.

രണ്ടാം ഘട്ടത്തിൽ നിശ്ചയിക്കപ്പെട്ട ജൈവഭാഗം അഥവാ അവയവം അച്ചടിക്കുക എന്നതാണ്. ഇതിന് അതീവ സുരക്ഷാസംവിധാനങ്ങളുള്ള പരീക്ഷണശാലകളാണ് ഉപയോഗിക്കുക. ഒന്നാം ഘട്ടത്തിൽ ആസൂത്രണം ചെയ്തതു പ്രകാരമുള്ള ത്രിമാന അച്ചടിയന്ത്രവും ഉപയോഗിക്കുന്നു. നിർമ്മിക്കുന്ന കോശസമൂഹങ്ങളുടെ ഘടനയും, ആകൃതിയും തീരുമാനിക്കുന്നതിന് മർദ്ദം, ഊഷ്മാവ്, അനിവാര്യമായ പ്രകാശ സ്രോതസ്സ് ഏതായിരിക്കണമെന്ന തീരുമാനം തുടങ്ങിയ വ്യത്യസ്ത അന്തരീക്ഷസൃഷ്ടിയും അനിവാര്യമാണ്. അച്ചടിയന്ത്രത്തിന്റെ തിരഞ്ഞെടുപ്പിനും ചില മാനദണ്ഡങ്ങൾ ഉണ്ട്. ബയോ പ്രിന്ററുകൾ ഒന്നിലധികം തരത്തിലുള്ളതും വ്യത്യസ്ത സാങ്കേതിക വിദ്യകൾ ഉപയോഗിക്കു ന്നതുമാണ്. ഓരോ തരം ബയോ പ്രിന്ററുകൾക്കും അവരുടേതായ സവിശേഷതകളും ഗുണങ്ങളും ദോഷങ്ങളുമുണ്ട്. വിവിധതരം ബയോ പ്രിന്ററുകളേപ്പറ്റി ചുവടെ ലളിതമായി പറയാം.

## മൃഗങ്ങളെ കൊല്ലാതെ തുകലും മാംസവും



**ഗവേഷണ സ്വഭാവമുള്ള ജോലികൾ നിർവഹിക്കുന്ന കമ്പനിയായ മീറ്റ്ടെക് 3 ഡി ലിമിറ്റഡ്, മൃഗങ്ങളുടെ സ്റ്റെം സെല്ലുകളിൽ നിന്ന് ത്രിഡി രീതിയിൽ അച്ചടിച്ച മൃഗരഹിത മാംസം വിജയകരമായി ഉത്പാദിപ്പിച്ചതായി പ്രഖ്യാപിച്ചു. ഒരു മൃഗത്തെപ്പോലെ കൊല്ലാതെയാണിത് സാധ്യമാക്കിയത്. 'പ്രോജക്റ്റ് കാർപാക്കിയോ' എന്ന് നാമകരണം ചെയ്യപ്പെട്ടതായിരുന്നു ഈ പദ്ധതി.**







# ഇന്ത്യൻ ബഹിരാകാശ സ്റ്റാർട്ടപ്പ് ലോകത്തിലെ ആദ്യത്തെ ത്രിഡി പ്രിന്റഡ് റോക്കറ്റ് നിർമ്മിച്ചു

ചെന്നൈ ആസ്ഥാനമായുള്ള ബഹിരാകാശ സാങ്കേതിക സ്റ്റാർട്ടപ്പ് അഗ്നികുൾ കോസ്മോസ് ലോകത്തെ ആദ്യത്തെ ത്രിഡി പ്രിന്റഡ് റോക്കറ്റ് എഞ്ചിൻ (ഉയർന്ന സ്റ്റേജ് സെമിക്രയോജനിക് റോക്കറ്റ് എഞ്ചിൻ) 'അഗ്നിബാൻ' വിജയകരമായി പരീക്ഷിച്ചതായി അറി യിച്ചു. 100 കിലോ വരെ പേലോഡ് വഹിക്കാൻ അഗ്നിബാന് കഴിയും. അഗ്നികുൽ വികസിപ്പിച്ച ത്രിഡി റോക്കറ്റിന്റെ സംയോജനം നാല് ദിവസം കൊണ്ട് പൂർത്തിയായതായി കമ്പനിയുടെ സി.ഇ.ഒ. ശ്രീനാഥ് രവിചന്ദ്രൻ പറഞ്ഞു.




അച്ചടിച്ച ഘടനയുടെ സ്ഥിരത ഉറപ്പുവരുത്തുന്നതിന് മൂന്നാം ഘട്ടം ആവശ്യമാണ്. കൂടാതെ കോശങ്ങളുടെ വളർച്ച നിയന്ത്രിക്കുന്നതിന് യാന്ത്രികമോ, രാസപരമോ, താപപരമോ, ജൈവപരമോ ആയ ഉത്തേജനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ബയോപ്രിന്റിംഗ് താരതമ്യേന പുതിയ സാങ്കേതിക വിദ്യയാണെങ്കിലും, അതിന്റെ പ്രയോഗസാധ്യതകൾ ദൂരവ്യാപകവും വിപ്ലവകരവുമാണ്. ഗവേഷണത്തിൽ, ബയോ പ്രിന്റഡ് കോശങ്ങൾ ആദ്യകാലങ്ങളിൽ മരുന്നുകളുടെ സുരക്ഷിതമായ ഉപയോഗ പരിശോധനയ്ക്കും, ഫലപ്രാപ്തി പരിശോധനയ്ക്കും ചെലവ് കുറഞ്ഞതും നിയന്ത്രണ രഹിതവുമായ സാദ്ധ്യതകൾ നൽകി. മാത്രമല്ല കാൻസറുമായി ബന്ധപ്പെട്ട രോഗനിദാന ശാസ്ത്രത്തിൽ അർബുദ കോശങ്ങളുടെ വളർച്ചയെ ക്കുറിച്ച് പഠിക്കാൻ ഇത് ഉപയോഗിച്ചു. ആരോഗ്യ പരിപാലന രംഗത്ത്, അവയവ മാറ്റിവയ്ക്കൽ ശാഖയിൽ ബയോപ്രിന്റിങ്ങ് തുറന്നിടുന്ന സാദ്ധ്യതകൾ വിസ്മയ കരങ്ങളാണ്. ഈ മൂന്നുഘട്ട പ്രക്രിയയിലുട നീളം ജീർണ്ണതാസ്വഭാവവും (biodegradabiltiy), ശരീര കോശങ്ങളുടെ പൊരുത്തപ്പെടാനുള്ള കഴിവും (biocompatibiltiy) ഉറപ്പാക്കേണ്ടതുണ്ട്.

## ത്രിമാന അച്ചടി ഗുണദോഷങ്ങൾ

ത്രിമാന നിർമ്മിതിയുടെ കാര്യത്തിലും ഈ പ്രശ്നം നിലനിൽക്കുന്നു. ത്രിമാന അച്ചടി ഒരു പുതു സാങ്കേതികതയാണ്. എല്ലാ രംഗങ്ങളിലും വളർച്ചയിലേക്ക് നീങ്ങുകയും ചെയ്യുന്നു. തീർച്ചയായും ഇത് നൽകുന്ന നന്മകൾക്കൊപ്പം പരിമിതികളും ഉണ്ട്. ഈ പരിമിതികളെ മനുഷ്യനന്മയ്ക്കുവേണ്ടി നമുക്ക് മറികടക്കേണ്ടതുണ്ട്. ഈ സാങ്കേതികതയുടെ നന്മതിന്മകളെ നമുക്ക് ഒന്ന് പരിശോധിക്കാം.

1. സൗകര്യപ്രദമായ ഡിസൈൻ
2. ദ്രുതഗതിയിലുള്ള പ്രോട്ടോടൈപ്പിംഗ്
3. ഡിമാൻഡിനനുസരിച്ചുമാത്രം പ്രിന്റിംഗ്
4. ശക്തവും ഭാരം കുറഞ്ഞതുമായ ഭാഗങ്ങൾ
5. വേഗതയേറിയ രൂപകൽപ്പനയും ഉൽപാദനവും
6. കുറഞ്ഞ മാലിന്യം
8. ലളിതമായ പ്രവർത്തനം
9. പരിസ്ഥിതി സൗഹാർദ്ദം
10. നൂതന ആരോഗ്യ സംരക്ഷണം

ത്രിമാന നിർമ്മാണരീതി ഉരുത്തിരിഞ്ഞു വന്നു കൊണ്ടിരിക്കുന്ന ഒരു സാങ്കേതികതയാണ്. നിരവധി പരീക്ഷണങ്ങൾ ഈ മേഖലയിൽ നടന്നുകൊണ്ടേ യിരിക്കുന്നു. താഴെ ഉന്നയിക്കപ്പെടുന്ന പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതിനുള്ള പരീക്ഷണ, നിരീക്ഷണങ്ങൾ നടന്നുവരികയാണ്. അതിൽ ചിലതെങ്കിലും വിജയകരമായ വഴികളിലാണ്. അധികം വൈകാതെ ഈ പ്രതിസന്ധികളെ നമുക്ക് അതിജീവിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

1. നിർമ്മിത വസ്തുക്കളുടെ പരിമിതി
2. വലുപ്പത്തിന്റെ പരിമിതി
3. നിർമ്മാണാനന്തര പ്രക്രിയകൾ
4. വലിയ അളവു നിർമ്മിതികൾ
5. ഉൽപ്പാദന വേളയിലെ കുഴപ്പങ്ങൾ
6. മനുഷ്യാധ്വാനദിന നഷ്ടങ്ങൾ
8. നിർമ്മാണരീതിയിലെ വ്യത്യസ്തത
9. പകർപ്പവകാശ പ്രശ്നങ്ങൾ
10. സാങ്കേതിക മികവുള്ളവരുടെ അഭാവം

കാലം അതിന്റെ എല്ലാ ചാരുതയോടെയും പുതു സാങ്കേതികതകളുമായി അതിദ്രുതം ചലിക്കുക യാണ്. ഈ മാറ്റങ്ങളെ സ്വീകരിക്കാനോ തിരസ്കരി ക്കാനോ നമുക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. എന്തുതന്നെ ആയാലും നിലവിലുള്ള അനവധി സങ്കേതങ്ങളെ കട പുഴക്കി എറിഞ്ഞ് ത്രിമാന അച്ചടിയും, അതിന്റെ പിന്മുറക്കാരനായി എത്തുന്ന 4 ഡി അച്ചടിയും അതിന്റെ വിപണി വിപുലപ്പെടുത്തുകതന്നെ ചെയ്യും. അത്രമാത്രം അദ്ഭുത ക്കാഴ്ചകളുമായാണ് ഇതിന്റെ കടന്നുവരവ്. അതുകൊണ്ട് കാലത്തിന്റെ ഈ ചുവരെഴുത്തുകളിൽ നിന്ന് നാം പലതും പഠിക്കേണ്ടിയിരിക്കുന്നു. ചില തൊക്കെ പ്രവർത്തിക്കാനും. ചിലത് പ്രവർത്തിപ്പിക്കാനും. ■

**അദ്ധ്യാപകനും പ്രിന്റിംഗ് കൺസൾട്ടൻറും ഫ്യുച്ചർ 3 ഡി എന്ന 3 ഡി പ്രിന്റിങ്ങ് സ്ഥാപനത്തിന്റെ പ്രാരംഭകനും, സി.ഇ.ഒ. യുമാണ് ലേഖകൻ.**

# വ്യവസായങ്ങൾ കണ്ടു വളരാൻ കാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ



ടി.എസ്. ചന്ദ്രൻ

കാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്സർക്കാർ ഉത്തരവായിരിക്കുന്നു. വ്യവസായ ആവശ്യത്തിനുള്ള സ്ഥലത്തിന്റെ ദൗലഭ്യം പരിഹരിക്കുന്നതിന് ഒരു പുതിയ മാർഗം കൂടി കണ്ടെത്തിയിരിക്കുകയാണ് സംസ്ഥാന സർക്കാർ. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് ഉടനീളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ധാരാളം ഭൂമി ഉപയോഗിക്കാതെ കിടക്കുന്നു. ഈ സ്ഥലം ഉപയോഗപ്പെടുത്തി കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുക എന്നുള്ളതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്കീം 2024 എന്നാണ് പുതിയ പദ്ധതിയുടെ പേര്.

### അർഹമായ കാമ്പസുകൾ

- കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കൈവശത്തിലും ഉടമസ്ഥതയിലും 5 ഏക്കറിൽ കുറയാത്ത സ്ഥലം ഉണ്ട് എങ്കിൽ അവിടെ ഒരു ഇൻഡസ് ട്രിയൽ പാർക്ക് ഉണ്ടാക്കാം.
- രണ്ട് ഏക്കറിൽ കുറയാത്ത സ്ഥലമാണ് ഇങ്ങനെ ലഭ്യമായത് എങ്കിൽ അവിടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) ആണ് നിർമ്മിക്കാൻ കഴിയുക.
- ഇതിനായി വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടുകൂടി അപേക്ഷ സമർപ്പിക്കണം.

### അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട് മൂന്നു പ്രധാന കാര്യങ്ങൾ ഉണ്ട്

- ഒന്ന്, പരിസ്ഥിതിലോല പ്രദേശമായിരിക്കരുത്.
- രണ്ട്, തീരദേശ പരിപാലന നിയമം ബാധകമായ സ്ഥലം ആകരുത്,
- മൂന്ന്, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമായ സ്ഥലവും ആകരുത്

**സർക്കാർ സഹായവും ഉണ്ടാകും. ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ സഹായങ്ങൾ ലഭിക്കും.**

- കാമ്പസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങുന്നതിന് ഒരു ഏക്കറിന് 20 ലക്ഷം രൂപ ക്രമത്തിൽ പരമാവധി 150 ലക്ഷം രൂപ സർക്കാർ ഗ്രാൻഡ് ആയി അനുവദിക്കുന്നതാണ്. വൈദ്യുതി വെള്ളം റോഡ്, സീവേജ്, പൊതു സേവന കേന്ദ്രങ്ങൾ,ലാബുകൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടണ്ട തുകയാണ് ഇങ്ങനെ നൽകുക.
- ബഹുനില വ്യവസായ സമുച്ചയങ്ങളുടെ കാര്യത്തിൽ (SDF) കെട്ടിട നിർമ്മാണ ചെലവുകൾ ഉൾപ്പെടെ പരമാവധി 150 ലക്ഷം രൂപ സർക്കാർ ഗ്രാൻഡ് ആയി ലഭിക്കുന്നതാണ്. ഇത് പിന്നീട് തിരികെ (Re imbursement) നൽകുന്ന രൂപത്തിൽ ആയിരിക്കും ലഭിക്കുക.
- കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിൽ ഉത്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രത്യേകമായ സർക്കാർ സഹായ പദ്ധതികൾ കൊണ്ടുവരുന്നതാണ് എന്ന് ഉത്തരവിൽ പറയുന്നു.
- ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി. നൽകുന്നതാണ്.
- ഇൻഡസ്ട്രിയൽ പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രഖ്യാപിത ഇൻഡസ്ട്രിയൽ ഏരിയയിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.
- മുനിസിപ്പാലിറ്റി / പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും പൂർണമായും ഇളവ് ലഭിക്കുന്നതാണ്.

### കോളേജുകൾ ചെയ്യേണ്ടത്

- ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ എൻ.ഒ.സി. സഹിതം അപേക്ഷ സമർപ്പിക്കണം
- അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി റോഡ്, വെള്ളം, സീവേജ്, മലിനീകരണ നിയന്ത്രണം കമ്യൂണിക്കേഷൻ, നെറ്റ്‌വർക്ക് തുടങ്ങിയവ ഏർപ്പാടാക്കണം.
- രണ്ടുവർഷം കൊണ്ട് പദ്ധതി കമ്മീഷൻ ചെയ്യണം. കഴിഞ്ഞില്ല എങ്കിൽ കാലാവധി നീട്ടി കിട്ടുന്നതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കണം.
- വാർഷിക മെയിന്റനൻസിനുള്ള സംവിധാനങ്ങളും കോളേജുകൾ ഉണ്ടാക്കണം.
- റെഡ് കാറ്റഗറി സംരംഭങ്ങൾക്ക് ഈ കോളേജുകളിൽ സ്ഥലമോ, കെട്ടിടമോ അനുവദിക്കാൻ പാടില്ല.
- ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം.
- മഴവെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
- ഖരമാലിന്യ സംസ്കരണ സംവിധാനവും ഏർപ്പാടാക്കണം
- 12 മീറ്റർ ബഫർ സോണായി മാറ്റി വെക്കുകയും അവിടെ മരങ്ങൾ വെച്ചുപിടിപ്പിച്ച് ഭംഗിയാക്കുകയും വേണം.
- ഡെവലപ്പർ പെർമിറ്റ് കിട്ടിയ ഭൂമി താല്പര്യമുള്ള വ്യവസായികൾക്ക് അലോട്ട് ചെയ്തു കൊടുക്കാവുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനത്തിന് സ്വന്തം നിലയിൽ അവിടെ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് തടസ്സമില്ല. ഏതു വ്യവസ്ഥയിൽ നൽകണം എന്നത് സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തീരുമാനമെടുക്കാവുന്നതാണ്.
- സർവീസിങ്ങ് കേന്ദ്രങ്ങൾ, ലോജിസ്റ്റിക്സ്, വാഹനങ്ങളുടെ റിപ്പയറിംഗ് സർവീസിങ്ങ് എന്നിവക്കുവേണ്ടി 30 % സ്ഥലം വരെ ഉപയോഗിക്കാം. എന്നാൽ വണ്ടികളുടെ ഷോറൂമുകൾ, ഷോപ്പിംഗ് കോംപ്ലകസുകൾ എന്നിവയ്ക്ക് ഇവിടെ സ്ഥലം/ കെട്ടിടം അനുവദിക്കാൻ പാടില്ല.
- പാർക്കുകൾ കാമ്പസ് സൗഹൃദവും ഗ്രീൻ സംവിധാനവും ഉറപ്പുവരുത്തണം.
- താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ഷിപ്പിന് ഉള്ള പ്രത്യേക സംവിധാനവും ഉണ്ടാക്കാവുന്നതാണ്.
- വിദ്യാത്ഥികളുടെ ബിസിനസ് ഇനിഷ്യേറ്റീവ്സിനെയും പ്രോത്സാഹിപ്പിക്കാൻ ഇതുകൊണ്ട് കഴിയും.

### ഓൺലൈനായി അപേക്ഷിക്കണം

വ്യവസായ വാണിജ്യ ഡയറക്ടറുടെ സൈറ്റ് വഴി ഓൺലൈനായി വേണം അപേക്ഷ സമർപ്പിക്കാൻ. ജില്ലാതലത്തിലുള്ള വ്യവസായ സൈറ്റ് സെലക്ഷൻ കമ്മറ്റിയുടെ നിബന്ധനകൾക്ക് അനുസരിച്ചായിരിക്കും തീരുമാനം. വ്യവസായ വകുപ്പ് ഈ കാര്യത്തിൽ വേണ്ടണ്ട പരിശോധനകൾ നടത്തി അതിന്റെ കൃത്യത ഉറപ്പു വരുത്തുന്നതാണ്. വ്യവസായം, തദ്ദേശ സ്വയംഭരണം, റവന്യൂ, ഉന്നത വിദ്യാഭ്യാസം, ജലവിഭവം, പരിസ്ഥിതി വകുപ്പ്, ഊർജ്ജ വകുപ്പ് എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ ചേർന്ന ഒരു കമ്മറ്റിയാണ് ഇത് സംബ ന്ധിച്ചുള്ള അന്തിമ തീരുമാനം എടുക്കുക. ഈ കമ്മിറ്റിയാണ് കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുക. ഗവൺമെൻറ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആയിരിക്കും സമിതി യുടെ ചെയർമാൻ. കൺവീനർ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആയിരിക്കും.

പെർമിറ്റ് ലഭിക്കുന്ന മുറയ്ക്ക് രണ്ടു വർഷത്തിനുള്ളിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ നിർമ്മാണം പൂർത്തിയാക്കി സ്വന്തം നിലയിൽ ഉപയോഗിക്കുകയോ ആവശ്യമുള്ള സംരംഭകർക്ക് ചെയ്തു കൊടുക്കുകയോ ചെയ്യാവുന്നതാണ്.

### സംരംഭകത്വം വിദ്യാർത്ഥികളിൽ

വ്യവസായങ്ങൾ കണ്ടു വളരാനുള്ള അവസരമാണ് കാമ്പസ് ഇന്റസ്ട്രിയൽ പാർക്കുകൾ നൽകുന്നത്. വിദ്യാത്ഥികളെ സംരംഭത്തിലേക്ക് താൽപര്യം ജനിപ്പിക്കാൻ പര്യാപ്തമാക്കുന്ന ഒരു സംവിധാനമാണ് ഇത്. അവിടെ ജോലി ലഭിക്കുന്നതിനും മറ്റുള്ള സൗകര്യങ്ങളും ഏർപ്പെടുത്താനാകും. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റിസർച്ചുമായി ബന്ധപ്പെട്ട ഗവേഷണ ഫലങ്ങൾ വ്യവസായ വികസനത്തിന് ഉപയോഗപ്പെടുത്താനാകും. കേരളത്തിൽ മെച്ചപ്പെട്ട വ്യവസായ അന്തരീക്ഷം വളർത്തിയെടുക്കുന്നതിന് വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി പല പദ്ധതികളും സർക്കാർ നടപ്പാക്കി വരുന്നുണ്ട്. എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബുകൾ ആണ് ഇതിൽ പ്രധാനപ്പെട്ടത്. എന്നാൽ അതിനു പുറമെ ഇപ്പോൾ ക്യാമ്പസുകളിൽ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള തീരുമാനവും ഉണ്ടായിരിക്കുന്നു. അങ്ങനെ വ്യവസായങ്ങളെ അടുത്തു കണ്ടു വളരാൻ സാഹചര്യമൊരുക്കുകയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ. ■




**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ**



KSSiA NEWS
MAY 2024



# ആശയമാണ് മൂലധനം





**ആർ. ഗോപാലകൃഷ്ണൻ**

വ്യവസായം ചെറുതായാലും വലുതായാലും മൂലധനമാണല്ലോ അതിന്റെ നട്ടെല്ല് മൂലധനം സാമ്പത്തികമായ മുതൽ മുടക്ക് മാത്രമാകണമെന്നില്ല. വ്യവസായങ്ങളുടെ 'ആശയം' ഒരു മികച്ചൊരു മൂലധനമായി മാറാം എന്നത് പ്രധാന കാര്യമാണ് വിശേഷിച്ചും ഈ ആധുനിക യുഗത്തിൽ!

സംരംഭം ചെറുകിടമോ ഇടത്തരമോ ഏതും ആകട്ടെ മുൻപ് ആരെങ്കിലും പരീക്ഷിച്ച് വിജയിച്ചത് അതേപോലെ അനുകരിക്കാനാണെങ്കിൽ 'റിസ്ക്' ഇല്ലന്നാണ് പൊതുവെയുള്ള ധാരണ; അതുകൊണ്ട് 'വിജയ സംരംഭങ്ങൾക്ക്' ഒട്ടനവധി അനുകർത്താക്കൾ ഉടൻ തന്നെ പ്രത്യക്ഷപ്പെടും; അനുകർത്താക്കളിൽ ചിലരൊക്കെ വിജയിക്കുകയും ചെയ്തേക്കാം. എന്നാൽ, ഇത് എത്ര കാലം നില നിർത്താം എന്നതിന് സംരംഭകർക്ക് പോലും യാതൊരു ഉറപ്പുമുണ്ടാകില്ല; കാരണം, സംരംഭത്തിന്റെ ആശയം അവർ പൂർണ്ണമായി ഉൾക്കൊണ്ടിട്ടുണ്ടാകില്ല. ഇതിന്, നൂറുകണക്കിന് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാകും.

ഉപഭോക്താക്കളോ ഉപയോക്താക്കളോ ആവശ്യം എന്തെന്ന് മുൻകൂട്ടി മനസിലാക്കി, അതുമായി ചേർന്ന് മുന്നേറാൻ കഴിയുന്ന ഉല്പാദന / വാണിജ്യ ആശ്യങ്ങളാണ് ബിസിനസ്സ് രംഗത്ത് സുസ്ഥിരമാകുന്നത്.

ഒരു ബിസിനസ്സ് ആരംഭിക്കുന്നതിന് നിക്ഷേപത്തേക്കാൾ പ്രധാനമാണ് ഐഡിയ. ഒരു ആശയത്തിന് നമ്മുടെ ബിസനസ് ജീവിതത്തെ മാറ്റിമറിക്കാൻ കഴിയും. സാമ്പത്തിക നിക്ഷേപം പ്രധാനമല്ല എന്നല്ല; എന്നാൽ, ആശയമാണ് കൂടുതൽ പ്രധാനം എന്നാണ് പറഞ്ഞു വരുന്നത്.

ഒരു പുതിയ ആശയവുമില്ലാതെ നിങ്ങൾക്ക് ഒരു അതുല്യമായ ബിസിനസ്സ് ആരംഭിക്കുവാനും, ഈ മത്സര ലോകത്ത് നുഴഞ്ഞുകയറുകയും വളരുകയും ചെയ്യുന്ന ഒരു ബിസിനസ്സ് ആരംഭിക്കാൻ കഴിയുമോ?

ഇല്ല, പുതിയ ബിസിനസ്സ് ആശയത്തിന്റെ അഭാവം തികഞ്ഞ മത്സരമുള്ള ഒരു ബിസിനസ്സിലേക്ക് പ്രവേശിക്കുന്നതിൽ നിന്ന് നിങ്ങളെ തടയുന്നു; ആശയങ്ങളുടെ അനുകരണങ്ങൾക്ക് ഒരു ഫ്രാഞ്ചൈസികളുടെ സ്ഥാനമേ നിങ്ങളുടെ ബിസിനസ്സിന് നല്കയുള്ളു.

ബിസിനസ്സ്/നിക്ഷേപ ആശയങ്ങൾ എന്നത് ഫലപ്രദമായി നിക്ഷേപം/ലാഭം വളരാനുള്ള വഴികളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളോ പദ്ധതികളോ മാത്രമല്ല; കാലഘട്ടത്തിന്റെ ആവശ്യം, ജനങ്ങളുടെ അഭിരുചി, പുതിയ സാങ്കേതികവിദ്യയുടെ ഉപയോഗം ഇത്യാദി കാര്യങ്ങളെക്കുറിച്ചുള്ള അറിവോ, ഉൾക്കാഴ്ചകളോ, പഠനങ്ങളോ നല്കുന്ന മാർഗ്ഗങ്ങൾ ആണ്.

വ്യക്തിഗത സാഹചര്യങ്ങളെ അടിസ്ഥാനമാക്കി വ്യത്യസ്ത ബിസിനസ്സ് നിക്ഷേപങ്ങൾ സംബന്ധിച്ച ആശയങ്ങൾ ഉരുത്തിരിഞ്ഞ് വരാവുന്നതാണ്. ഇത്തരം ആശയങ്ങൾ സാർവദേശീയ പ്രശസ്തങ്ങളായ ബിസിനസ്സ് സ്കൂളുകളിലെ പ്രതിഭകളിൽ നിന്നു മാത്രമെ ഉണ്ടാകു എന്നത് തെറ്റിദ്ധാരണ മാത്രമാണ്.

ഇത് വെളിവാക്കാൻ നമ്മുടെ മുന്നിൽ തദ്ദേശീയമായ നിരവധി അനുഭവപാഠങ്ങൾ ഉണ്ട്. അതുകൊണ്ട് ലോകപ്രസിദ്ധങ്ങളായ, ഗൂഗുൾ അന്വേഷണങ്ങളിൽ നമുക്കു മുന്നിൽ ലഭ്യമാകുന്നവ ഒന്നും വിവരിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. നമ്മുടെ നാട്ടിലെ ചില ചെറിയ ആശയങ്ങളുടെ വിജയങ്ങൾ മാത്രം സൂചിപ്പിപ്പിക്കാം.

നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ആയുർവേദത്തെ ആധുനിക കാലത്തെത്തേക്ക്



പരാവർത്തനം ചെയ്ത മഹാഭിഷഗ്വനായിരുന്നവല്ലോ വൈദ്യരത്നം പി.എസ്. വാര്യർ. ഒരു നൂറ്റാണ്ടുകാലമായി പ്രശസ്തമായി നിലനില നില്ക്കുന്ന ആയുർവ്വേദ ചികിത്സാ കേന്ദ്രമായ കോട്ടയ്ക്കൽ ആര്യ വൈദ്യശാലയുടെ സ്ഥാപകനാണ് പി.എസ്. വാര്യർ (പന്നീമ്പള്ളി ശങ്കരവാര്യർ 1869-1944). ഇദ്ദേഹം തന്റെ ആയുവേദ പഠനാനന്തരം, കുന്നംകുളത്തുള്ള അലോപ്പതി അപ്പോത്തിക്കിരിയുടെ കീഴിൽ ആ വൈദ്യ സമ്പ്രദായങ്ങളും അഭ്യസിച്ചു. ഗുളികകളുടെ നിർമ്മാണവും കുപ്പിയിൽ അടച്ച മരുന്നുകളുടെ രീതിയുമെല്ലാം അദ്ദേഹം അക്കാലത്ത് സ്വായത്വമാക്കിയ രീതികളാണ്. അത് അദ്ദേഹം ആയുർവേദ ചികിത്സയിലും വിജയകരമായി നടപ്പിലാക്കി! വൈദ്യന്റെ കുറിപ്പുകൾ നോക്കി നാടു വീടാന്തരം കയറിയിറങ്ങി മരുന്നുകൾ ശേഖരിച്ച് അവ പാകപ്പെടുത്തി കഷായവും ആസാവവും നിർമ്മിച്ചു കഴിക്കുന്ന രോഗികൾ ഇല്ലാതായതോടെ, അയുർവേദത്തിന്റെ പാതയിൽ നിന്നു കൊണ്ടുതന്നെ ആധുനിക മനുഷ്യന്റെ ജീവിതരീതിക്ക് യോജിക്കും വിധം അതു നല്കി അവരെ തിരിച്ചു കൊണ്ടുവരാൻ വാര്യർക്ക് സാധിച്ചു. 1933ൽ ബ്രിട്ടീഷ് സർക്കാർ പി.എസ്. വാര്യർക്ക് 'വൈദ്യരത്നം' എന്ന ബഹുമതി നല്കി ആദരിച്ചു. ശേഷമുള്ള കഥ, നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്.

ഭക്ഷണ നിർമ്മാണ വിപണന രംഗത്തും ഇതുപോലുള്ള നിരവധി ഉദാഹരണങ്ങൾ ഉണ്ട്. ഈയിടെ ആണ് മലയാളികൾ ചപ്പാത്തിയുടെ തദ്ദേശീയവരവിന്റെ നൂറാം വാർഷികം ആഘോഷിച്ചത്. ചരിത്ര പ്രസിദ്ധമായ 'വൈക്കം സത്യാഗ്രഹത്തിൽ' പങ്കെടുക്കുവാൻ മഹാത്മാഗാന്ധിയുടെ നിർദ്ദേശ പ്രകാരം പഞ്ചാബിൽ നിന്ന് വന്നെത്തിയ 'അകാലി സന്നദ്ധ ഭടന്മാർ' ഗോതമ്പു റൊട്ടിയുടെ നിർമ്മാണവും ഭക്ഷണവും കേരളത്തിൽ തുടങ്ങി എന്നതാണ് ഇതിനു പിന്നിലുള്ള ചരിത്രം. അത് ചില മലയാളി കുടുംബങ്ങളും അനുകരിച്ചു എങ്കിലും ഒരു ബിസിനസ്സ് എന്ന രീതിയിൽ ഇത് ജനകീയമായില്ല.

ഒരു ബിസനസ്സ് എന്ന നിലയിൽ എറണാകുളം




മാർക്കറ്റിൽ ആദ്യമായി ഒരു 'ചപ്പാത്തിക്കട' തുടങ്ങിയത്, 'ബി.ടി.എച്ച്.' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഭാരത് ടൂറിസ്റ്റ് ഹോം (ഇപ്പോൾ 'ഭാരത് ഹോട്ടൽസ്") സ്ഥപകനായ ബി. ഗോവിന്ദ റാവു (1917 2011) ആണ്. മംഗലാപുരത്തിനടുത്ത് ഉടുപ്പിക്കടുത്തുള്ള 'പടുബദ്രി' എന്ന ഗ്രാമത്തിൽ ജനിച്ചത്; തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്ര ത്തിലെ മുഖ്യശാന്തിക്കാരനാകാൻ തൃപ്പൂണിത്തുറയിൽ എത്തിയ പിതാവിനോടൊപ്പം വന്ന ഗോവിന്ദറാവും പൂജ വിധികളും സംസ്കൃതവും എല്ലാം പഠിച്ചു വെങ്കിലും വാണിജ്യത്തിലായിരുന്നു താല്പര്യം. അന്ന്, 1930കളിൽ മലയാളികൾക്ക് പരിചിതമായ ഒരു ഭക്ഷ്യ വിഭവമായിരുന്നില്ല ചപ്പാത്തി. എറണാകുളം കായൽക്കരയിൽ, ആലുംകടവിലെ ഒരു ചെറുമുറിയിൽ ആരംഭിച്ച, ഗോവിന്ദ റാവുവിന്റെ 'ചപ്പാത്തിക്കട' കേരളത്തിലെ ആദ്യ ചപ്പാത്തിക്കടയായി രേഖപ്പെടുത്തപ്പെടുന്നു! പിന്നീടിത് വെജിറ്റേറിയൻ ഭക്ഷണശാലയായും അത്തരത്തിലുള്ള ഒരു ബ്രാണ്ട് ആയും വളർന്നു.

സ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള പഠന സഹായികളുടെ പ്രസിദ്ധീകരണ രംഗത്ത് ഇതുപോലുള്ള ഒരു നവീന ആശയം നടപ്പിലാക്കി, വളർന്നുപന്തലിച്ച ഒരു സ്ഥാപനമാണ്, കോട്ടയം ജില്ലയിലെ പാലായ്ക്ക് അടുത്ത് മരങ്ങാട്ടു



പിള്ളിയിൽ ആരംഭം കുറിച്ച 'ലേബർ ഇന്ത്യാ' പബ്ലിക്കേഷൻസ്. ജോർജ്ജ് കുളങ്ങര എന്ന അദ്ധ്യാപകന്റെ ആശയമായിരുന്നു ഇത്. വില കുറഞ്ഞ കടലാസിൽ അച്ചടിച്ചിറക്കുന്ന 'ഗൈഡുകളുടെ' സ്ഥാനം അപഹരിച്ച മൾട്ടികളർ മാസികയായിരുന്നു 'ലേബർ ഇന്ത്യാ'; ഇതിന്റെ വൻവിജയം കണ്ട് സമാനമായ പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചു എങ്കിലും അവയൊക്കെ 'ലേബർ ഇന്ത്യ'യോട് മത്സരിച്ച് പരാജയപ്പെട്ട് വിപണി വിട്ടു. ഇതിന്റെ സ്ഥാപകന്റെ പുത്രൻ സന്തോഷ് ജോർജ് കുളങ്ങരയുടെ പുതിയ ബിസനസ്സ് ആശയങ്ങളാണ്, 'സഞ്ചാരം' വീഡിയോ ട്രാവലോഗും 'സഫാരി' ടി.വി. ചാനലും.

എന്റെ ജന്മഗ്രാമത്തിൽ (തൊടുപുഴക്കടുത്ത് മണക്കാട്) തുടങ്ങിയ അച്ചാർ നിർമ്മാണ കേന്ദ്രങ്ങൾ വിപണിയിൽ മുന്നേറിയ കഥയും ഞാൻ ഓർക്കുന്നു. ഞങ്ങളുടെ നാട്ടിലെ ഒരു സർക്കാർ ഹൈസ്ക്കൂൾ ഹിന്ദി അദ്ധ്യാപകനായിരുന്ന നമ്പൂതിരി സാർ ജോലി രാജിവച്ച് 1970കളിൽ അച്ചാർ യൂണിറ്റ് തുടങ്ങിയപ്പോൾ ശരിക്കും സാധാരണക്കാർ ഞെട്ടിപ്പോയി! ഇദ്ദേഹത്തിന്റെ ഒരു പുത്രൻ എന്റെ സഹപാഠിയുമായിരുന്നു. 'നമ്പൂരിസ് അച്ചാർ' വിപണി പിടിച്ചത് അതിന്റെ പരമ്പരാഗത രുചിക്കൂട്ടിന്റെയും ഗുണമേന്മയുടെയും സവിശേഷത കൊണ്ടുതന്നെയായിരുന്നു. ഒരുവൻ വ്യവസായ സംരംഭമായി ഇത്



വളർന്നു വരവെ ഇതിന്റെ സ്ഥാപകൻ മരിച്ചു; തുടർന്ന് എന്റെ സഹപാഠിയായ മകനും. ഇതിന്റെ വിടവ് നികത്താനെന്നവണ്ണം അതിനടുത്തുള്ള ഒരു വ്യക്തി, വിഷ്ണു നമ്പൂതിരി, മറ്റൊരു അച്ചാർ കറി പൗഡർ സ്ഥാപനം തുടങ്ങി. 'ബ്രാഹ്മിൻസ്' എന്നായിരുന്നു ഇതിന്റെ ബ്രാണ്ട് നെയിം. (സാന്ദർഭികമായി പറയട്ടെ, വിഷ്ണു നമ്പൂതിരിയും എന്റെ സഹപാഠിയാണ്.) 'ബ്രാഹ്മിൻസ്' സ്ഥാപനങ്ങൾ മികവിന്റെ പര്യായമായപ്പോൾ, ഇതിന്റെ പ്രധാന ഓഹരി പങ്കാളിയായി ദേശീയ തലത്തിൽ അറിയപ്പെടുന്ന കോർപ്പറേറ്റ് സ്ഥാപനമായി 'വിപ്രോ' വരികയും ഇതിനെ സ്വദേശ വിദേശ തലത്തിൽ വിപണനം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

എനിക്ക് പരിചയമുള്ള ഒന്നുരണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചതു കൊണ്ട് മാത്രമായില്ലന്ന് അറിയാം; ഇതിലും മികച്ച അനേകമനേകം അനുഭവപാഠങ്ങൾ ഉണ്ടായിരിക്കുമെന്ന് അറിയുകയും ചെയ്യാം.

'മുമ്പേ പോകുന്ന ഗോവിന് പിന്നാലെ പോകുന്നതല്ല' വ്യവസായവും വാണിജ്യവും എന്നു സൂചിപ്പിക്കാൻ മാത്രമാണ് ഞാൻ ശ്രമിച്ചത്. അവക്ക് പിന്നിൽ നവീനവും സുസ്ഥിരവും ആയ സർഗ്ഗശക്തി ആവശ്യമാണ്. ■

**പ്രശസ്ത എഴുത്തുകാരൻ, എഡിറ്റർ, പ്രസാധകൻ, ലേഔട്ട് വിദഗ്ധൻ. കൂടാതെ കേരള ലളിതകലാ അക്കാദമിയുടെ മുൻ സെക്രട്ടറിയുമാണ് ലേഖകൻ.**








# ആലുവയിലെ ഇൻഡസ്ട്രീയൽ ഏരിയയിലുള്ള ഇൻഡസ്ട്രീയൽ ഇലാസ്റ്റോമേഴ്സ് ചന്ദ്രയാൻ കുതിപ്പിൽ പങ്കാളിയായി

ഇന്ത്യയുടെ അഭിമാന പദ്ധതിയായ ചന്ദ്രയാൻ–3 ന്റെ നിർമ്മാണത്തിനുള്ള ഗാസ്ക്ക റ്റുകളും, ചന്ദ്രയാന്റെ നിർമ്മാണഘട്ടത്തിലാവശ്യമായ പല ഉപകരണങ്ങളും നിർമിച്ചു നൽകിയത് ആലുവയിലെ എരുമത്തല ഇൻഡസ്ട്രീയൽ ഏരിയയിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രീയൽ ഇലാസ്റ്റോമേഴ്സ് എന്ന യൂണിറ്റാണ്. ലോഞ്ചിൽ സിലീങ്ങ് ഗാസ്കറ്റ്, സിലിക്കോൺ ഓറിങ്ങ്, വൈറ്റോൺ, ഓറിങ്ങ്, റബ്ബർ കോമ്പൗണ്ട്സ്, ഡസ്റ്റ് കവർ, പ്രൊട്ടക്റ്റീവ് കവർ തുടങ്ങിയവയാണ് ഇവിടെ നിന്നും നിർമിച്ചു നൽകിയത്.

300 ഡിഗ്രി ചൂട് താങ്ങാൻ കഴിയുന്ന സിന്തറ്റിക് റബ്ബറാണ് ഇതിനായി ഉപയോഗിച്ചത്. നിർമ്മാണത്തിൽ പിഴവു വന്നാൽ, വിക്ഷേപണത്തെ ബാധിക്കുമെന്നതിനാൽ വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ട ഒരു ജോലിയായായിരന്നു ഇത്. ആയതിനാൽ മേൽനോട്ടത്തിനും മറ്റു കാര്യങ്ങൾക്കുമായി വി.എസ്.എസ്.ഇ. എഞ്ചിനിയർമാർ സദാ സമയവും വർക്ക്ഷോപ്പിൽ ഉണ്ടായിരുന്നു. ഇന്ത്യ ഗവണ്മെന്റിന്റെ അഭിമാന പദ്ധതിയായ ചന്ദ്രയാൻ മിഷനിൽ ഐ.എസ്.ആർ.ഒ. ക്ക് ക്രിട്ടിക്കൽ റബ്ബർ കമ്പോണൻസ് സപ്ലൈ ചെയ്ത ഇൻഡസ്ട്രീയൽ ഇലാസ്റ്റോമേഴ്സ് ഉടമ അബ്ദുൾ സമദ് കെ.എസ്.എസ്.ഐ.എ. അംഗമാണ്.

1982 ൽ യു.സി. കോളേജിൽ നിന്നും കെമിസ്ട്രിയിൽ ബിരുദം എടുത്തതിനു ശേഷം കുസാറ്റിൽ നിന്നും 1985 വർഷത്തിൽ റബ്ബർ ടെക്നോളജിയിൽ ബിടെക് നേടിയ അബ്ദുൾ സമദ് കഴിഞ്ഞ 39 വർഷമായി റബർ ടെക്നോളജി മേഖലയിൽ ഹൈടെക്നോളജി പ്രോഡക്റ്റുകൾ നിർമിച്ചു വരുന്നു. 1997 ലാണ് എടത്തലയിൽ സ്വന്തം വ്യവസായ സ്ഥാപനം ആരംഭിച്ചത്. സൈക്കിളിനു വേണ്ടി തേയ്മാനം കുറഞ്ഞ പ്രീമിയം ബ്രേക്ക് കട്ടകൾ നിർമിച്ചായിരുന്നു തുടക്കം. 15 വർഷം പ്രധാന ഉൽപന്നവും ഇതായിരുന്നു. ഐ.എസ്.ആർ.ഒ.യുടെ മുൻകാല പ്രോജക്ടുകളിലും പ്രോഡക്റ്റ് ഡെവലപ്മെന്റിന്റെ ഭാഗമാകാൻ ഇൻഡസ്ട്രീയൽ ഇലാസ്റ്റോമേഴ്സിന് സാധിച്ചിട്ടുണ്ട്. കൂടാതെ യൂറിൻ ബ്ലാഡറിൽ ഉപയോഗിക്കുന്ന കത്തീറ്റർ വാൽവ് ഇന്ത്യയിൽ ഇവിടെ മാത്രമാണ് നിർമിക്കുന്നത്. ഉപഭോക്താക്കളുടെ ആവശ്യമനുസരിച്ച് പ്രോഡക്റ്റ് ഡെവലപ് ചെയ്യാൻ എക്സ്പീരിയൻസ് ഉള്ള ജോലിക്കാരും ഇവിടെയുണ്ട്.

കൃത്യമായി ക്വാളിറ്റിയിൽ ശ്രദ്ധിക്കുന്നതു കൊണ്ടാണ് ഇസ്രോ പോലുള്ള സ്ഥാപനങ്ങളിൽ സപ്ലൈ ചെയ്യുവാൻ സാധിക്കുന്നത്.

ചന്ദ്രയാൻ പേടകത്തെ വഹിച്ചു കൊണ്ടുള്ള LVM-3 റോക്കറ്റിൽ ഉപയോഗിക്കുന്ന Dustcover, Gaskets, O Rings എന്നിവയാണ് ഇപ്രാവശ്യം കൊടുത്തിട്ടുള്ളത്. 2008 മുതൽ ഐ.എസ്.ആർ.ഒ. യുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.







# ജില്ലാ വാർത്തകൾ



കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ല കമ്മിറ്റി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യാതിഥിയായ പങ്കെടുത്ത അനിൽ കുര്യാക്കോസിന് മെമന്റോ നല്കി ആദരിക്കുന്നു.



കേരള സർക്കാരിന്റെ മികച്ച ചെറുകിട സംരംഭത്തിനുള്ള അവാർഡ് നേടിയ എൻ. സുജിത്തിന് കെ.എസ്.എസ്.ഐ.എ. ജില്ല പ്രസിഡന്റ് കെ.ജി. ലിജിൻ മെമന്റോ നല്കി ആദരിക്കുന്നു.



കോവളം കെ.റ്റി.ഡി.സി. സമുദ്രയിൽ വെച്ച് സംഘടിപ്പിച്ച ആൾ കേരള സൈന്റിഫിക്ക് ആന്റ് സർജിക്കൽ ഡിലേഴ്സ് അസോസിയേഷന്റെ 32-ാം മത് സ്റ്റേറ്റ് കോൺഫറൻസിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഫലസുദ്ദീനെ പൊന്നാട അണിയിച്ചും ഉപഹാരം നല്കിയും ആദരിക്കുന്നു.



കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി ഹാളിൽ വച്ച് നടന്ന കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന്റെ ആനുവൽ ജനറൽ ബോഡി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുന്നു.



കെ.എസ്.എസ്.ഐ.എ. സംസ്ഥാന ട്രഷറർ ജോസഫ് പൈകടയുടെ മകളുടെ വിവാഹ, ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ, ജനറൽ സെക്രട്ടറി പി.ജെ.ജോസ്, സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഫസലുദ്ദീൻ, കെ.എസ്.എസ്.ഐ. എ. ന്യൂസ് ചീഫ് എഡിറ്റർ എസ്. സലിം, കെ.എസ്.എസ്.എഫ്. ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ മറ്റു സംസ്ഥാന - ജില്ല ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.






sidbi

# EXPRESS LOAN FOR MACHINERY

**Objective**

- Expeditious sanction of term loan through automated platform for purchase of machines/equipment.

**Eligible Expenditure**

- Acquisition of Plant and Machinery & equipments.

**Eligibility**

- MSME units in operation for at least 3 years.
- Mandatory Udyam & GST Registration.
- Filed Income tax returns for last 3 years.

**Key Features**

- Automated loan processing.
- Seamless loan application journey.
- Immediate In-Principle offer.
- Term loan upto ₹ 1 crore.
- Up to 100% financing with FD as collateral.
- Low processing fees
- Quick sanction and disbursement

**Interest Rate & Repayment**

- MCLR linked attractive interest rate.
- Repayment upto 5 years.

To know more visit : www.sidbi.in
Apply for loan here : https://onlineloanappl.sidbi.in/OnlineApplication/
Feedback/Contact us at :- kochi@sidbi.in
Follow us: @SIDBIOfficial

25th May 2024, Kalamassery
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.